സർ, കർഷകരുടെ നില നന്നാക്കുവാനും, ഋണബാധിതരുടെ കഷ്ടപ്പാടിനും ഗവമ്മെൻറു ഇതുവരെ പ്രവർത്തിച്ചിട്ടുള്ള സംഗതികൾ മറ്റു രാജ്യങ്ങളെ അപേക്ഷിച്ചു വളരെ നിസ്സാരങ്ങളാണ്. മാത്രമല്ല

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുള്ള പ്രവൃത്തികൾതന്നെ അപൂർണ്ണങ്ങളായും ഇരിക്കുന്നതുകൊണ്ട് പല കുഴപ്പങ്ങളും നേരിടുന്നുണ്ട്. ഡെവ്കൺസിലിയേഷൻ ബോർഡ് വടക്കെ ഡിവിഷനിൽ വേണ്ടെന്നുവച്ചതു നിമിത്തം അവിടത്തെ പണമിടപാടുകാർ ജനങ്ങളെ അതിശക്തിയോടെ മർദ്ദിച്ചു തുടങ്ങിയിരിക്കുന്നു. തെക്കെ ഡിവിഷനിലെ പരീക്ഷണത്തിനു ശേഷം വടക്കെ ഡിവിഷനിൽ ഏർപ്പെടുത്തുന്നതിനു മുമ്പുതന്നെ പാവങ്ങളുടെ പക്കലുള്ള വസ്തുക്കളെല്ലാം പണക്കൊഴുപ്പുകാർ കൈവശപ്പെടുത്തിക്കളയുമെന്നു ഭയപ്പെടേണ്ടിയിരിക്കുന്നു. പലിശ ചുരുക്കൽ, കടം വെട്ടിക്കുറക്കൽ, ഋണരഞ്ജന ബോർഡ് പ്രവർത്തനം മുതലായവകൊണ്ടല്ലാതെ ഋണബാധിതരെ രക്ഷിക്കുവാൻ സാദ്ധ്യമല്ല. അതുകൊണ്ടു കഴിയുന്ന വേഗത്തിൽ ഋണരഞ്ജന ബോർഡ് വടക്കെ ഡിവിഷനിലും ഈ ചിങ്ങം മുതൽ സ്ഥാപിക്കണമെന്നും സാമ്പത്തികാധഃപതന കാലംമുതൽക്കുള്ള കടങ്ങൾക്കു പലിശ ചുരുക്കുകയും മറ്റു നാട്ടുരാജ്യങ്ങളിൽ ഏർപ്പെടുത്തീട്ടുള്ള പ്രായോഗികമായ മറ്റു പദ്ധതികളും ഏർപ്പെടുത്തുകയും ചെയ്തു ഋണബാധിതരെ രക്ഷിപ്പാനും ഞാൻ പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു.

സർ, സമ്മതിദാനാവകാശം വിപുലമാക്കുവാൻ ഒരു കമ്മറിയെ നിയമിച്ചിട്ടുണ്ടല്ലോ. ഉത്തരവാദിത്വഭരണത്തിനായി കൊച്ചീക്കാർ ഈ നിയമസഭയിലും ഇതിനു പുറത്തും മുറവിളികൂട്ടിത്തുടങ്ങീട്ട് കാലം കുറെയായി. അതിന്റെ പരീക്ഷാർത്ഥമായി ചില വകുപ്പുകളിലേക്കു ഉപദേശക്കമ്മറിയെ നിയമിച്ചു. ഒരു മിനിസ്റ്ററെയെങ്കിലും നിയമിക്കാമെന്നുള്ള ദിവാൻ പ്രസിഡൻറവർകളുടെ വാഗ്ദാനം കഴിഞ്ഞിട്ട സംവത്സരം ഒന്നു കഴിഞ്ഞു. ഇനിയും നിയമസഭക്കു കൂടുതൽ അധികാരം നൽകുകയോ വാഗ്ദാനമനുസരിച്ചുള്ള മിനിസ്റ്ററെ നൽകുകയോ ചെയ്തിട്ടില്ല. പ്രായപൂർത്തി വോട്ടവകാശവും ഉത്തരവാദിത്വഭരണവുമാണ് ഞങ്ങളുടെ ലക്ഷ്യം. വോട്ടവകാശം വിപുലമാക്കുന്ന ഈ സന്ദർഭത്തിൽ മേല്പറഞ്ഞ സംഗതികളെക്കൂടി വിസ്മരിച്ചുപോകരുതെന്നു പ്രത്യേകം അപേക്ഷിക്കുന്നു.

സർ, ദിവാൻജി അവർകളുടെ ഉദ്യോഗം മൂന്നു കൊല്ലത്തേക്കു നീട്ടിയതിൽ അദ്ദേഹം തീരെ വിസ്മരിച്ചുകിടക്കുന്നതായി തോന്നുന്നു. വടക്കെ ഈഴവ നിയോജകമണ്ഡലത്തിലെ പ്രതിനിധിയും കൊച്ചീ തീയ മഹാജനസഭയുടെ പ്രസിഡൻറുമായ ഞാൻ സ്വന്തനിലയിലും സമുദായപ്രതിനിധിയെന്ന നിലയിലും അദ്ദേഹത്തെ ഉള്ളുഴിഞ്ഞു അനുമോദിക്കുന്നു. അദ്ദേഹം കൊച്ചിയിൽ ദിവാനായി വന്നപ്പോൾ ഉദ്യോഗകാലം മൂന്നു സംവത്സരമായിരുന്നെങ്കിൽ ഇപ്പോൾ അതു നാലു സംവത്സരത്തോളമായി വർദ്ധിച്ചാണ് നിൽക്കുന്നതെന്ന സംഗതി ഞങ്ങളുടെ സന്തോഷത്തെ ദ്വിഗുണീഭവിപ്പിക്കുന്നു. ആ ആഹ്ലാദത്തോടുകൂടി ഞങ്ങൾക്കു പ്രത്യേകം ഒരപേക്ഷയുണ്ട്. രാജ്യഭരണത്തെക്കുറിച്ചു കൊച്ചിയിലെ ജനങ്ങളുടെ മുൻപാകെ മഹനീയവും ശോഭനീയവുമായ

LIBRARY ARCHIVES Kerala Legislative Assembly

ഒരു ആദർശമുണ്ട്. ആ ആദർശത്തിന്റെ വിലാസരംഗമായി ഇന്ത്യയിലെ മറ്റെല്ലാ ഭൂവിഭാഗങ്ങൾക്കും മാതൃകയായി ലോകൈക ഭരണധുരന്ധരനായ കഴ്സൺ പ്രഭു മുതലായ വൈസ്രായിമാരുടെ ഉള്ളുഴിഞ്ഞ പ്രശംസയുടെ പാത്രമായി എല്ലാ ഭരണദോഷങ്ങൾക്കും ആതീതമായി, എന്നാൽ എല്ലാ ഭരണഗുണങ്ങൾക്കും വിളനിലമായി, എല്ലാ ദുരാചാരങ്ങളിൽനിന്നും ഒഴിഞ്ഞു തികഞ്ഞ സത്യസന്ധതയോടും ഉറച്ച നീതിനിഷ്ഠയോടുംകൂടിയ ജനക്ഷേമൈക നിരതന്മാരായ ഉദ്യോഗസ്ഥന്മാരാലും രാജഭക്തിയും, രാജ്യഭക്തിയും നിറഞ്ഞു തുളുമ്പുന്ന ഹൃദയത്തോടുകൂടിയ പ്രജകളാലും പൂർണ്ണമായിട്ടുള്ള ഒരു കൊച്ചിയാണ് ഞങ്ങളുടെ ആദർശം. അതു സ്വപ്നമല്ല, മായയല്ല, മതിഭ്രമമല്ല. സർ, അങ്ങിനെയുള്ള ഒരു കൊച്ചിരാജ്യം ഇരുപത്തിയഞ്ചു സംവത്സരങ്ങൾക്കു മുൻപുണ്ടായിരുന്നു. അതിൽ ജനിച്ചു വളർന്നവരാണ് ഇവിടെക്കാണുന്നവരിൽ മിക്കപേരും. അന്നത്തെ കൊച്ചിയുടെ മഹിമയെക്കുറിക്കുന്ന ചരിത്രങ്ങൾ ഗ്രന്ഥംതോറും മുത്തശ്ശിമാർ ഇന്നും ശിശുക്കൾക്കു ഉറക്കുകഥകളായി പറഞ്ഞുകൊടുക്കുന്നതു കേടിലിലും കൊട്ടാരത്തിലും ഒന്നുപോലെ കേൾക്കാം. ആ ചിത്രത്തെ ഒന്നുകൂടി യഥാർത്ഥമാക്കിത്തീർക്കാനുള്ള എല്ലാ ചുറുപാടുകളും കഴിവുകളും അദ്ദേഹത്തിനുണ്ട്. അന്നത്തെ ഭരണാധികാരിയുടെ ഹൃദയവിശാലതതികച്ചും ഇന്നത്തെ ഭരണാധികാരിക്കുണ്ട്. അന്നത്തെ ദിവാൻജിമാക്കുണ്ടായിരുന്ന എല്ലാ ഗുണങ്ങളും അവക്കില്ലാതിരുന്ന ധൈര്യവും സ്ഥൈര്യവും പലെ മറ്റു മേന്മകളും ഈ ദിവാൻജിക്കുണ്ട്. ഈ സ്ഥിതിക്ക് ഞങ്ങളുടെ ആദർശഭൂതയായ ആ കൊച്ചിയെ ഒരിക്കൽക്കൂടി കാണിച്ചുതരുവാൻ തീർച്ചയായും അദ്ദേഹത്തിനു സാധിക്കും.

സർ, അദ്ദേഹം ഞങ്ങളുടെ ദിവാൻജിയായിരിക്കുന്നതിനുപുറമെ ജനങ്ങളുടെ നേതാവുമാണ്. അദ്ദേഹത്തിനു ജനങ്ങളെ ഭരിക്കുവാൻ മാത്രമല്ല അവരുടെ സങ്കടങ്ങളെ അവരുടെ സ്ഥാനത്തുനിന്നു ഗ്രഹിക്കുവാനും വേണ്ടിടത്തു ജനനേതാവിനെപ്പോലെ നിവേദനം ചെയ്യുവാനും വേണ്ട കാര്യങ്ങളിൽ ജനങ്ങളെ നയിക്കുവാനും അറിയാം. അദ്ദേഹത്തിൽ ഞങ്ങൾ ഭരണാധികാരിയെന്നപോലെ ഞങ്ങളുടെ നേതാവിനേയും കാണുന്നു. അദ്ദേഹത്തിന്റെ കാലത്തു ഏഴു സംവത്സരങ്ങൾക്കു മുമ്പുണ്ടായിരുന്ന ആ മാതൃകാരാജ്യം, അദ്ദേഹം കുറച്ചൊന്നു മനസ്സിരുത്തുമെങ്കിൽ ഈ നാലു സംവത്സരത്തിനകം ഞങ്ങൾക്കു കൈവരുമെന്നാണ് എന്റെ പൂർണ്ണവിശ്വാസം. അസമത്വത്തിൽ ആണ്ടു കിടക്കുന്ന എന്റെ സമുദായത്തിനുവേണ്ടി അദ്ദേഹം ചെയ്ത എല്ലാ നന്മകൾക്കും ഒരിക്കൽക്കൂടി കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് ഇതിനെ ഞാൻ ഉപസംഹരിക്കുന്നു.

The House rose for lunch at 1-5 p. m. and reassembled at 2-15 p. m. with the Hon'ble the Deputy President (M. R. Ry. A. Sankara Menon Avl., B. A. & B. L.) in the Chair.

LIBRARY ARCHIVES Kerala Legislative Assembly

Mr. A. Narayana Menon *(Vyttila)*.—Sir, I congratulate the Government for securing the services of the present Diwan for the State for a further period of three years. Within the short space of two years and a few months that he was in office, he has shown what a bold and well-meaning statesman can achieve.

Let us for a while turn our attention to the Budget just presented to the House. I do not find my way to credit the Finance Member with any amount of accuracy in preparing Budgets. Where he counts upon big deficits we find a small deficit and where he counts on a surplus we experience a large deficit! I do not think that his anticipations for a surplus next year will be fulfilled. The fall in the tonnage of export and import at our Harbour might affect us adversely and I shall not be surprised if our income from customs goes down by 4 or 5 lakhs from the amount of 20 lakhs budgetted. If similar results should not recur we should, as the Diwan President has pointed out, open out communication to the hinterland and provide attractive facilities for people who import articles at our Harbour.

I welcome the idea of opening the Chalakkudi Annamalais Road. I suggest to the Government a considerably less expensive work of more or less equal importance. The Road Board has recommended the construction of the Maradu Nettur Road and a bridge between Komanthuruthi and Thevara. Both these are taken up this year. A road to the southern end of Thevara from the southern boundary of Ernakulam is also provided for in the report of the Road Board. We have road connections between Maradu and the eastern villages of our State. If you will only connect Komanthuruthi with Nettur and Nettur with Kundannur with a couple of bridges and if you will have metalled roads to connect the areas lying between them you will attract a large volume of trade to our Harbour. Gains in conveyance charges can very well be imagined once you remember that the distance between Trippunithura and Thevara by this route will be only just half of the present distance by the Hill Palace Road. We have in the road board report provision for connecting our south eastern villages with the neighbouring State of Travancore. None of these areas have convenient water communications and their products do not find the market that they merit. I hope that early attention will be devoted to these important works and they would be provided for even in the next year. I have devoted so much space on this subject just to point out that if we make up our mind we can improve the income from our Harbour. I am glad that the heavy landing

LIBRARY ARCHIVES Kerala Legislative Assembly

charges now levied by private bodies has received the attention of the Diwan and I hope that he would find a way to reduce the rates.

Sir, I find large cuts being made in the provisions for Panchayats and Public Health. While the revised estimates for original works under communications in Panchayats show an expenditure of Rs. 25821, the provision for 1113 comes only to Rs. 17945. Provision for rural sanitation as per the budget estimate of 1112 comes to Rs. 1,11,634. This is to fall to Rs. 1,03,802 as per the revised estimate. The budget estimate for 1113 is only Rs. 90,675. When I say that such huge cuts in nation building departments should be avoided, I am likely to be told in reply that our resources are inflexible. The majority report of the Retrenchment Committee might probably be cited as an authority in support of the contention. To be candid, I do not attach much importance to this report at all. It is prepared without collecting the necessary materials. Anticipating the poor production that the committee would place before the public I had in the last session of the Council got an answer from the Government that members of the Committee would be given opportunities to examine the inner workings of any department of the Government if they ask for it. Unfortunately this promise was not availed of by the Committee. Instead, the committee examined only a few departmental Heads who always make demands for additional hands and temporary staffs. This report does not show that the Committee has approached the question involved with any amount of thoroughness. The scanty suggestions for retrenchment are, in most cases, as the Diwan has rightly observed, not possible to be put into effect at once. Let us see whether savings other than those suggested by them cannot be had. The Committee does not touch Excise. Cannot the rate of tree tax be raised a bit? The practice of granting remissions to contractors and bidders of shops has to be stopped and sales may be held on this strict understanding. I am not quite sanguine of any useful result by the amalgamation of the Public Health and Medicine. The former may suffer by the amalgamation and much of the useful work done by this Department may have to be stopped. I do not know whether Dr. A. R. Menon when he suggested the amalgamation was possessed with the details of the working of the Department. If in spite of this warning with Government propose to effect the amalgamation I would strongly urge the immediate amalgamation of Panchayat either the Education or with Revenue. If you amalgamate it with Education the reform suggested by the Director in his survey

LIBRARY ARCHIVES Kerala Legislative Assembly

report for the creation of local education boards can be accomplished notwithstanding the warning of a former Superintendent of Panchayats, quoted by the Education Survey Committee. It is time, I think, we make a departure from the present stereotyped system of education so far as our village schools are concerned. Serious attempts at rearing up a contended, resourceful, self-confident, well-informed and healthy rural public have to be made and the amalgamation proposed by me with suitable adjustments is likly to yield good results. When under the Revenue Department, the Panchayats were working better than when placed under a separate departmental head. If you amalgamate Medicine and Public Health, it must be done on condition that the departmental head should not have the privilege of private practice, so long as he presides over the department.

I welcome the suggestion for permanent amalgamation of Anchal and Registration. There are other departments that can be amalgamated. An amalgamation of Archaeology with Revenue is sure to bring in better results at any rate so long as the Revenue is in charge of the present Diwan Peishkar. I doubt very much whether there is work enough for a full timed Archaeologist in our State. The department of the Uplift of the Depressed Classes now attends to works that legitimately belong to the Co-operative, Revenue and Public Works Departments. If these works are separated there will be very little for a separate department to do. That little can be attended to by the Department of Education and the present Protector can be placed under the Director as an inspector in charge of colonies and schools of the depressed classes.

Coming to Police I would have the inspectors of Police to be given the designation of Assistant Superintendents of Police. All should get the same grade of pay. They will be directly under the Commissioner. Instead of one D. S. P. I will have two D. S. Ps. who would attend to the intelligence branch of the department and to the investigation of heinous offences.

In Education the committee suggests the closing down of Government schools in the proximity of aided schools. In doing this they do not seem to have made any local investigation at all. The Director of Public Instruction and the Education Survey Committee have after local investigations pointed out in their reports schools that should be closed down and those that should be amalgamated. One of the prime considerations that they had was the question of efficiency of teaching. This is better in Government schools. The Retrenchment Committee ignored this. I would certainly prefer the recommendation of

LIBRARY ARCHIVES Kerala Legislative Assembly

experts especially since this affects the future of our young ones. The teachers thrown out by putting into effect the above recommendation can be asked to be provided for in Government or aided services at the earliest possible opportunity. Recommendation for reducing the number in the Inspectorate is sure to affect adversely the efficiency of administration of the Department. Instead of reducing hands I would reduce the salary of the Inspectors and Inspectress and place them in the grade of Rs. 200 to 300. The professors of the Maharaja's College should also be placed on the same grade of pay. The number of hands in the Maharaja's College admits of reduction and I am glad that the Government is aware of it. We have here at least one professor who does no teaching work at all. When we are on the question of collegiate education one is reminded of a recent order that lady students who study some subjects in the College should pay full fees while others are allowed concessions. This ought to go and all should be placed on the same footing. The Committee says nothing of the medical inspectors of schools as it is this branch that yields little or no result. I would have instead of two assistant surgeons only one such doctor. The number of sub-assistant surgeons should be increased. They would all come under the assistant surgeon. The increase in the number of sub-assistant surgeons need not cause additional expense if we draw all of them from the medical department and put in their places honorary men. Medical inspection of schools will improve as a consequence without the imposition of any new charge on the exchequer.

The suggestions regarding the supply of printed forms to the departments can be improved upon and made to yield better results if we put the forms in charge of responsible clerks in each department. They should be made to account for all forms, by putting a price on each form. I wonder how the committee overlooked the fact that much of our printing is done in private presses. I am informed that the workmen in the press appear to have some grievances of a technical nature which a small committee may be asked to go into and report upon. I am glad that a forward policy is adopted in matters industrial. I submit that much more can be done if a thorough inquiry is made of the industrial possibilities of the State. For this the Director will require the services of men qualified in industrial chemistry and a well equipped laboratory. A bureau for the collection and dissemination of commercial information and statistics is to be established in the State. This work may, with advantage, be entrusted to the Director of Industries.

LIBRARY ARCHIVES Kerala Legislative Assembly

The Committee disposed of the Public Works Department in a short paragraph and rests satisfied with the suggestion that the field staff may be reduced. We are not any the wiser by such vague suggestions. The Committee does not seem to have remembered that the road board works would require the services of some officers of the Field Staff and that when allowance is made for this extra work absolutely no appreciable scope for reduction in hands would be found. I would however suggest the better utilisation of the services of the field staff. As it is, men working on steam rollers and in the State dredger do not find work throughout the year. If we have the road repairs spread over the whole of the year and if they are done directly by the Department savings are sure to follow. If we scrutinise the activities of the mechanical section of the P. W. D. we find ample scope for savings. I would have only three or four cars of superior make maintained directly by the Government. I would give on contract the duty for the supply for other cars for the State if and when we require to some private agencies. Wastes in upkeep and depreciation of cars can thus be avoided. We can even have a larger number of cars, once this suggestion is put into force. Notwithstanding the light hearted fashion in which the Member for Works has answered my question regarding the entrustment of the work of the water works department on contract to any efficient firm of Engineers prepared to give ample security and on terms sufficient to safeguard the State's interests in the concern, I do think that large savings are possible here. Mr. Varkey's suggestion for abolishing the post of the Assistant Engineer for Irrigation was made, I am sure, without taking stock of the present activities of the Department and of the future necessities for the spread of irrigation in the State.

I do not endorse the recommendation for the appointment of a committee for the purchase of medicine and instruments. I would insist on adopting the system of calling in tenders for their supply. The demands of the medical department are growing. To compensate this heavy charge on the Treasury I would suggest (1) charging well-to-do-patients in the out patients with at least one anna for 6 doses of medicine (2) charging the pay ward patients for surgical operations and (3) compelling inpatients who can pay, to meet the bills for their diets and medicine. In Madras we have rules insisting on all these payments. The C. M. O. was telling us at the sitting of the Standing Finance Committee that Travancoreans would be introducing similar rules very soon. Why not we make a beginning at least in Ernakulam, Trichur and Mattanchery.

LIBRARY ARCHIVES Kerala Legislative Assembly

I submit that to cope with the growing demands for pensions we should build up a fund: For this a super-annuation contribution from each of our permanent officers augmented with a like contribution by the Sirkar may be made. Similar devices are resorted to elsewhere and it is time that we take up this question in seriousness.

The difficulty in reducing the salary of permanent Heads of Departments pointed out in the speech of the Diwan President will, I hope, be felt only when we touch the salary of officers who have already reached their maximum. The others may be told that they cannot expect any rise once they reach the reduced maximum for their posts. I have dealt with the question of retrenchment at some length with a purpose. We find very little provision for rural needs not to speak of rural amenities. Some of the works ordered to be taken up in framing this year's budget are seen not provided for anywhere in the budget. A small footpath for Chilavannur which might cost the Government a few hundred rupees and the grant of an allowance to a qualified Ayurvedic physician at Poonithura in my constituency were postponed, I am told, for want of funds. My answer is that requirements of the rural population, at least the essential ones, should on no account be put off on such pleas. I have tabled a cut motion and a resolution for abating the nuisance caused at Kaloor by allowing the Ernakulam Municipality to dump its night soil in a thickly populated area adjoining one of the most important roads of the State. Complaints about this were made in both of the previous budget sessions and some hopes were extended to me; but they have not been realised as yet.

I am fully conscious of the good things done or promised to be done by the Government to my constituency and I express the gratitude of my constituency and of myself for the same. Much more remains to be done and I shall deal with them when we come to the individual heads of the budget.

The needs for the maintenance of a permanent fire brigade and of necessary up-to-date machinery for ensuring perfect safety from fire havocs are clear to us all. We should find funds for this in our budgets. One of the unfortunate recommendations of the Retrenchment Committee is for the curtailment of expenditure in the agricultural department. While Governments all over the world are rendering all the help they can towards the promotion of agriculture with special reference to the dissemination of modern agriculture knowledge to the cultivators

LIBRARY ARCHIVES Kerala Legislative Assembly

our Government are advised to follow a tight fisted policy. I do not think that the agricultural activities of any Government ought to be looked upon as on a par with remunerative enterprises undertaken by them. Demonstration farms, propaganda in favour of introduction of scientific modes and methods of cultivation research for the purpose of discovering new varieties of seeds and crops—these cannot be expected to yield returns on the investments made. This must be regarded as part of an educative propaganda and no more can we expect them to pay their own way than ordinary education in schools and colleges can be expected to. I have to remark with special regret the recommendation of the Retrenchment Committee to circumscribe the usefulness of the central farm at Ollukkara and to close down the cocoanut farm at Vaittila. The central farm, as will be seen from the administration reports of the department, is doing exceedingly valuable work of a varied character, and it would be sad reflection on the vaunted solicitude of the Government for the interest of the peasantry, if even the meagre expenditure that is now incurred on it were to be reduced. Equally good work is being turned out at the cocoanut farm at Vaittila although I admit that in neither of these places achievements of a spectacular character are to be found. Scientific research takes time inevitably to make itself felt and delay in the practical utilisation of the results of such research could never be accounted to the discredit of either the workers in the field or to the work actually done. I am of opinion therefore that the Government should think a hundred times over before they accept the recommendation of the Committee in this behalf. I am glad that Vaittila is to be the first rural reconstruction centre of the State.

At least one in the non-official block of this House has understood the implications of my demand for the appointment of a Development Board in the State. Dr. Menon has dealt with the subject in his separate note attached to the retrenchment committee report. If his suggestion is accepted, wastes in various shapes can be avoided to the advantage of both the Government and of the rural public at large. If this step had been taken sometime back, the Diwan President would have been able by this time to make some announcement on the conferment of responsible Government at least in the administration of the nationbuilding departments. We hope that the experiment suggested would be put into practice and that our legitimate demands for introducing responsible Government in the State would not be put off to any distant date. My contention

LIBRARY ARCHIVES Kerala Legislative Assembly

is that entry into Federation should be more or less simultaneous with the introductiou of responsible Government in the State. Similar steps on the part of acceding States in the Federation will disarm the protogonists of the Drag theory as an argument to put off the formation of an all India Federation.

We are grateful to the Government for the appointment of the Franchise Committee; but may we point out to the Government that enlargement of franchise should be accompanied by the conferment of better powers to the Council. I hope that better co-operation from this side of the House would be forthcoming and that it should persuade the Government to meet the moderate requirements of the people's representatives. The atmosphere in the State at present is quite calm and that emboldens me to express the hope. Some of the rules framed for the Staff Selection Board's guidance are made to affect people who entered service prior to 1-1-12. I shall deal with this subject when I move my out motions or resolutions on this subject. Finally I request the President to convey to His Highness our Beloved Maharaja the intense loyalty of my constituency and my humble self.

മിസ്റ്റർ വി. എസ്സ്. കൃഷ്ണൻ വൈദ്യർ (*Nominated*).— അധഃകൃതോദ്ധാരണത്തിനുവേണ്ടി കൊച്ചി ഗവമ്മെണ്ടു നൽകിവരുന്ന നിരവധി ആനുകൂല്യങ്ങളെ അനുസ്മരിച്ചുകൊണ്ടു് ആ സമുദായത്തിനു് മഹാരാജാവു തിരുമനസ്സിനോടും ആ പൊന്നു തിരുമേനിയുടെ ഗവമ്മെണ്ടിനോടുമുള്ള സീമാതീതമായ കൃതജ്ഞതയെ ഞാനിതാ പ്രകാശിപ്പിച്ചുകൊള്ളുന്നു. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ചു കൊച്ചി ഗവമ്മെണ്ടു അധഃകൃതരോടനുവർത്തിച്ചുവരുന്ന നയം ഒരുവിധത്തിലും ആശാഭംഗത്തിനു് ഇടകൊടുക്കുന്നതല്ലെന്നു് എനിക്കു പരിപൂർണ്ണ വിശ്വാസമുണ്ടു്. എന്നിരുന്നാലും ആവശ്യങ്ങൾ വർദ്ധിക്കുന്തോറും ആയതു നടത്തിപ്പോരുവാൻ പരിതസ്ഥിതികൾ അനുകൂലങ്ങളായ സാഹചര്യങ്ങളെ പ്രദാനം ചെയ്യുന്നില്ലെന്നു കാണുമ്പോൾ അതിൽ നൈരാശ്യം നേരിടുന്നുണ്ടെന്നുള്ള പരമാർത്ഥം മറച്ചുവെക്കുന്നതല്ല. അവശരും അപരിഷ്കൃതരുമായ വമ്പിച്ച ഒരു ജനസമുദായത്തിന്റെ അഹോരാത്രമുള്ള ബീഭൽസവും സംഭ്രമജനകവുമായ നെടുവീർപ്പുകളെ അനുസ്മരിച്ചുകൊണ്ടു് ഈ സമ്മേളനത്തിന്റെ മുമ്പാകെ മുറവിളി കൂട്ടുകയെന്നല്ലാതെ അതിൽ കവിഞ്ഞ യാതൊരു ചാരിതാർത്ഥ്യവും എനിക്കു ലഭിക്കാനില്ലെന്നുള്ള ഏക സമാധാനമാണു് എന്നെ ഈ ബഡ്ജറ്റു നിരൂപണമാകുന്ന സാഹസകൃത്യത്തിനു് പ്രോത്സാഹിപ്പിക്കുന്നതു്.

ബഹുമാനപ്പെട്ട ധനകാര്യ മെമ്പർ ഈ സമ്മേളനത്തിന്റെ മുമ്പാകെ അവതരിപ്പിച്ചിട്ടുള്ള ബഡ്ജറിനെ ക്ലേശകൃഷ്ടമായോ സാമാന്യ

LIBRARY ARCHIVES Kerala Legislative Assembly

മായോ വിമർശിക്കത്തക്ക പ്രാപ്തിയോ പാണ്ഡിത്യമോ എനിക്കില്ല. ഞാൻ പ്രതിനിധീകരിക്കുന്ന വന്നിച്ചു ഒരു ജനവിഭാഗത്തിന്റെ ഉദ്ധാരണത്തിനുവേണ്ടി അതിൽ വകകൊള്ളിച്ചിരിക്കുന്ന ചിലവിനങ്ങളെ സംബന്ധിച്ചു അവിടവിടെ ചില അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയെന്നല്ലാതെ മറെറാന്നും എന്നാൽ സാദ്ധ്യമാണെന്നോ എന്റെ ചുമതലയിൽ ഉൾപ്പെട്ടതാണെന്നോ എനിക്കു വിശ്വാസമില്ല.

ഹരിജനങ്ങൾക്കുള്ള ബഡ്ജറ്റ് ഈ നിയമസഭ മുമ്പാകെ അവതരിപ്പിച്ചപ്പോൾതന്നെ അധഃകൃതോദ്ധാരണത്തിനുവേണ്ടി ഗവമ്മെണ്ടു ചിലവാക്കുന്ന സംഖ്യക്കു് വർഷം ചെല്ലുന്തോറും കുറവുവരുത്തുന്ന സമ്പ്രദായത്തെക്കുറിച്ചു എന്റെ സമുദായത്തിന്റെ പേരിൽ എനിക്കുള്ള ആവലാതി ഞാൻ ബോധിപ്പിച്ചിട്ടുണ്ടു്. ആ ആവലാതിതന്നെ ഒന്നുകൂടി ആവർത്തിക്കുന്നതുകൊണ്ടു് പറയത്തക്ക പ്രയോജനമൊന്നും ഉണ്ടാകുമെന്നു തോന്നുന്നില്ല. അധഃകൃതോന്നമനത്തിൽ ഗവമ്മെണ്ടു ശ്രദ്ധ പതിപ്പിച്ചതു് അവരുടെ അഗാധമായ അവശതക്കു് ഒരു അറുതി വരുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടിയേ ആകാൻ ന്യായം കാണുന്നുള്ളൂ. ഇതരസമുദായങ്ങളോടുനവർത്തിക്കുന്ന നയത്തെക്കാൾ തുലോം വ്യത്യസ്ഥമായ ഒരു പരിപാടി ഇക്കാര്യത്തിൽ ഗവമ്മെണ്ടു കൈക്കൊള്ളേണ്ടതു് അനിവാര്യമായൊരു കർത്തവ്യമായിട്ടാണു് എനിക്കു തോന്നുന്നതു്. അവശതയിൽ ആണ്ടുകിടക്കുന്ന അവരുടെ മുറവിളിക്കു് ഒരു താല്ക്കാലിക ശമനം നൽകി ക്രമേണ ആവശ്യങ്ങളെ വർദ്ധിപ്പിച്ചു ഒടുവിൽ ആയതു നിറവേറിക്കൊടുക്കുവാൻ നിവൃത്തിയില്ലാതെവരുമ്പോൾ അവർ ആദ്യത്തേക്കാൾ കൂടുതൽ കഷ്ടപ്പെടേണ്ടതായിട്ടാണു് അനുഭവപ്പെടുന്നതു്.

വിദ്യാഭ്യാസം ചെയ്യുന്നതിനു പണമുണ്ടായിരിക്കുക, അതിനുവേണ്ട സൌകര്യങ്ങൾ സുലഭമായിരിക്കുക, എന്നിട്ടും അതിൽ അനാസ്ഥരായിരിക്കുക എന്നീ വിവിധ സമ്പ്രദായങ്ങളൊന്നുമല്ല അധഃകൃതരെ അവലംബിച്ചു നില്ക്കുന്ന പ്രശ്നങ്ങൾ. അവരെ വലയം ചെയ്യുന്ന പ്രശ്നങ്ങൾ അത്തരത്തിലായിരുന്നുവെങ്കിൽ താൽക്കാലികമായ ചില സംഭാവനകൾകൊണ്ടോ ആനുകൂല്യ പ്രദർശനങ്ങൾകൊണ്ടോ സൌജന്യ വിദ്യാഭ്യാസ പരിശീലനംകൊണ്ടോ അവരെ ആകർഷിക്കുന്നതുകൊണ്ടുമാത്രം തൃപ്തിപ്പെടാമായിരുന്നു. എന്നാൽ, വിദ്യാഭ്യാസം ചെയ്യുവാനും ചെയ്യിക്കുവാനും ആഗ്രഹമുണ്ടായിരിക്കുക, തടസ്സങ്ങളെ അഭിമുഖീകരിക്കുന്ന വിവിധ വിഷമതകൾ തരണംചെയ്യുമെന്ന അളവറ ആശ അന്തരംഗത്തിൽ അങ്കുരിക്കുക, ആ സങ്കട നിവാരണത്തിനുവേണ്ട പരിഹാരമാർഗ്ഗങ്ങൾ തങ്ങളുടെ മുറുപാടും സുലഭങ്ങളാണെന്നു വ്യാമോഹിച്ചു അതിൽചെന്നു ചാടുക, ഒടുവിൽ പുറത്തുകടക്കുവാൻ നിവൃത്തിയില്ലാതെ കൈസനികവ്യൂഹത്തിൽപ്പെട്ട അഭിമന്യുവിനെപ്പോലെ നിരാധാരരായിത്തീരുക എന്ന വിധത്തിലാണു് അധഃകൃതരെ അഭിമുഖീകരിച്ചിരിക്കുന്ന ഇന്നത്തെ പ്രശ്നങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസത്തിനുവേണ്ടി ഗവമ്മെണ്ടു നൽകിവരുന്ന ആനുകൂല്യങ്ങളും അധഃകൃതർക്കു പ്രയോജകീഭവിക്കണമെങ്കിൽ അതു കുറച്ചു കാലത്തേക്കു് സുസ്ഥിരമായും, അചഞ്ചലമായും നിന്നാല്ലാതെ നിവൃത്തിയില്ല. ഫ്രഫ്രഫ്ര-ൽ അധഃകൃതരുടെ വിദ്യാഭ്യാസത്തിനുവേണ്ടി ഉന്ന,വ്യാ൦ ക. ചിലവാക്കിയപ്പോൾ ഫ്രഫ്രവലെ ബഡ്ജററിൽ ആയതിനുവേണ്ടി നീക്കിവെച്ചിരുന്ന തുക ർൻ,ന്വനുക. ആയിരുന്നു. ഗവമ്മെണ്ടു നൽകുന്ന ആനുകൂല്യങ്ങളാൽ വ്യാമോഹിതരായി വിദ്യാഭ്യാസം ചെയ്യുവാനുള്ള വാഞ്ഛയോടുകൂടി ഗവമ്മെണ്ടിനെ സമീപിക്കുന്ന വിദ്യാർത്ഥികൾ നിത്യവൃത്തിക്കു നിവൃത്തിയുള്ളവരായിരുന്നുവെങ്കിൽ ഈ ചെപ്പടിവിദ്യപ്രയോഗത്തിൽ ഞാൻ നീരസം പ്രദർശിപ്പിക്കുകയില്ലായിരുന്നു. അധഃകൃതർക്കു സൌജന്യ വിദ്യാഭ്യാസം അനുവദിക്കുന്നതു് അവരെ ശാശ്വതമായി ബാധിച്ചിട്ടുള്ള ഒരു അനാസ്ഥയിൽനിന്നും വ്യതിചലിപ്പിക്കുവാനെന്ന രീതിയിലായാൽ പ്രയോജനമില്ല. അവരെ ഇക്കാര്യത്തിൽ വലയംചെയ്തിരിക്കുന്ന പ്രശ്നം അനാസ്ഥയല്ല, നിവൃത്തി മാർഗ്ഗത്തിന്റെ അഭാവമാണ്. ഫ്രഫ്രഫ്ര-നെ അപേക്ഷിച്ചു വിദ്യാർത്ഥികളുടെ എണ്ണം ഫ്രഫ്രവ-ൽ കൂടുതലാകുമ്പോൾ അവർക്കു വിദ്യാഭ്യാസച്ചിലവിലേക്കു നീക്കിവെക്കുന്ന സംഖ്യയും ആ തോതനുസരിച്ചു കൂടുന്നില്ലെങ്കിലും കുറവു ചെയ്യുകയെന്നതു സങ്കടകരമായിട്ടേ പരിണമിക്കുകയുള്ളൂ. എന്നാൽ ഫ്രഫ്രവ-ൽ ർൻ,ന്വനുക. വകകൊള്ളിച്ചിരിക്കെ, ഫ്രഫ്രന്വ ലേക്കുള്ള ബഡ്ജററിൽ കാണുന്നതു് ർവ,ഉന്റെ ക. യാണു്. ഇക്കാര്യത്തിൽ ഗവമ്മെണ്ടിന്റെ മനോഭാവം എന്റെ സമുദായത്തെ ആകമാനം ആശാഭഗ്നരാക്കിത്തീർത്തിട്ടുണ്ടു്. ഗവമ്മെണ്ടു് അനുവർത്തിച്ചുവരുന്ന ഈ നയം അധഃകൃതർക്കു് വെറുമൊരു പ്രാഥമിക വിദ്യാഭ്യാസം ചെയ്യുന്നതിനുപോലും പ്രോത്സാഹനമായിത്തീരുകയില്ലെന്നാണു് എന്റെ അഭിപ്രായം.

പ്രാഥമികവിദ്യാഭ്യാസം തികച്ചും സൌജന്യവും നിർബന്ധിതവും ആക്കിത്തീർക്കുകയാണെങ്കിൽക്കൂടി അതും അധഃകൃത സമുദായത്തിനു് പ്രയോജനപ്പെടണമെങ്കിൽ ആ വിദ്യാഭ്യാസത്തിനു നിർബന്ധിതരാകുന്ന കുട്ടികളുടെ കുടുംബത്തെക്കൂടി ഗവമ്മെണ്ടു ചിലവുകൊടുത്തു് രക്ഷിക്കേണ്ടതായിട്ടാണിരിക്കുന്നതു്. പകൽ മുഴുവൻ പാടത്തു പണിയെടുത്തോ മറേതെങ്കിലും ക്ലേശവേലകൾചെയ്തോ നിത്യവൃത്തി കഴിക്കേണ്ടവരാണു് എന്റെ സമുദായക്കാർ. അവരിൽ പ്രായപൂർത്തിവന്ന സ്ത്രീപുരുഷന്മാരൊക്കെ ഒരു ദിവസംപോലും ഒഴിയാതെ വേലചെയ്തില്ലെങ്കിൽ പട്ടിണി കിടക്കാതെ നിവൃത്തിയില്ല. അങ്ങിനെയിരിക്കെ മാതാപിതാക്കന്മാരും പ്രായപൂർത്തിവന്ന സഹോദരീസഹോദരന്മാരും ക്ലേശിപ്പണിക്കു പോകുമ്പോൾ അവരുടെ പിഞ്ചുപൈതങ്ങളെ വളർത്തേണ്ടതു് അഞ്ചോ ആറോ വയസ്സു പ്രായംചെന്ന ആ കുടുംബത്തിലെ കുട്ടികളുടെ ചുമതലയായിരിക്കും. അത്തരം കുട്ടികൾ വിദ്യാലയങ്ങളിൽ പഠിക്കുവാൻ പറഞ്ഞ പ്രായത്തിലെത്തിയാൽ അത്തരം കുട്ടികളുടെ മുമ്പാകെ ബാ

LIBRARY ARCHIVES Kerala Legislative Assembly

ല്യത്തിൽതന്നെ സമർപ്പിക്കപ്പെടുന്ന കുഡുംബഭരണം അവരെ വിദ്യാഭ്യാസത്തിനു നിവൃത്തിയില്ലാതാക്കിത്തീർക്കുന്നുണ്ട്. പരിതഃസ്ഥിതികൾ ഈ വിധത്തിലിരിക്കെ കുഡുംബത്തെക്കൂടി പട്ടിണിയാക്കി പാഠശാലയിലേക്കുവരുന്ന അധഃകൃത കുട്ടികളെ വിദ്യാഭ്യാസം പൂർത്തിയാകുന്നതുവരെ എല്ലാവിധ ചിലവുകളും കൊടുത്തു രക്ഷിക്കാതിരുന്നാൽ അവരുടെ പരിശ്രമകാംക്ഷയുടെ പരിണാമം അപൂർണ്ണതയിലേ പര്യവസാനിക്കയുള്ളൂ.

അധഃകൃതവിദ്യാർത്ഥികളെ വലയംചെയ്യുന്ന ഈ വിഷമമേറിയ പ്രശ്നത്തിനുള്ള ഒരു ഉപശാന്തി നിശാപാഠശാലകളാണ്. സന്ധ്യാസമയമായാൽ മാതാപിതാക്കന്മാർ ക്ലേശവേല കഴിഞ്ഞു കുഡുംബത്തു വന്നാൽ കുട്ടികൾക്കു പുറത്തുവരുവാൻ പ്രയാസമില്ല. പക്ഷെ നിശാപാഠശാലകൾ ഇനിയും എണ്ണത്തിൽ വളരെ കുറവേ കാണാനുള്ളൂ. ഇതിനു കാരണം പറയുന്നതു് അതിൽ പഠിക്കുവാനുള്ള കുട്ടികളുടെ അഭാവമത്രേ.

ഈ അവസരത്തിലും അധഃകൃതസമുദായത്തെ ഇതര സമുദായങ്ങളോടു് താരതമ്യപ്പെടുത്തി വീക്ഷിക്കരുതെന്നാണു് എന്റെ വിനീതമായ അഭ്യർത്ഥന. അവർ വിശാലങ്ങളായ വയലുകളിൽ താമസിക്കുന്നവരാണ്. അഞ്ചോ പത്തോ ചതുരശ്രനാഴിക വിസ്താരമുള്ള ഒരു വയലിൽ പത്തോ പന്ത്രണ്ടോ ചെറുകുടിലുകൾ മാത്രമേ ഉണ്ടാകയുള്ളൂ. ഇതിലെല്ലാംകൂടി കണക്കുനോക്കിയാൽ പതിനഞ്ചോ ഇരുപതോ വിദ്യാർത്ഥികളിലധികം ഉണ്ടാകുവാൻ തരമില്ലല്ലോ. മൂന്നു നാഴിക ദൂരത്തിലധികം വഴിനടന്നു് ഒരു നിശാപാഠശാലയിൽ ഹാജരായി പഠനാനന്തരം രാത്രിസമയത്തു് ഒരു വിളക്കും കൂട്ടിയില്ലാതെ കുഡുംബത്തിലേക്കു മടങ്ങിച്ചെല്ലുകയെന്നതു് പ്രയാസമായിരിക്കെ, ഓരൊ നിശാപാഠശാലകളിലും മറ്റു വിദ്യാലയങ്ങളിലെന്നപോലെ ൪൦-ം ൫൦-ം വീതം വിദ്യാർത്ഥികൾ ഓരോ ക്ലാസ്സിലും എന്നെന്നും ഹാജരുണ്ടാകണമെന്നു വയ്ക്കുന്നതു് അപ്രായോഗികമായിട്ടേ പരിണമിക്കയുള്ളൂ. നിശാപാഠശാലകൾ പ്രായപൂർത്തിവന്നവർക്കു മാത്രമല്ല ദരിദ്രരായ അധഃകൃത കുട്ടികൾക്കുംകൂടി പ്രയോജനപ്പെടുത്തുന്നതിനോടപ്പം അതിലേക്കാവശ്യപ്പെടുന്ന കുട്ടികളുടെ എണ്ണത്തിന്റെ കാര്യത്തിലും അല്പം ചില വ്യത്യാസങ്ങൾ വരുത്തി കൊച്ചി സംസ്ഥാനത്തിന്റെ നാനാഭാഗത്തും സഹായധനം നൽകിയോ ഗവർമ്മെണ്ടിൽനിന്നും നേരിട്ടോ അതു നടത്തേണ്ട കാലം അതീതമായി കഴിഞ്ഞിരിക്കുന്നു.

ഇനി സാങ്കേതിക വിദ്യാപരിശീലനത്തെക്കുറിച്ചു കുറച്ചൊന്നു പറയേണ്ടതുണ്ട്. സാങ്കേതിക വിദ്യാലയങ്ങൾ സത്വരതന്നെ ദരിദ്രന്മാക്കു നിത്യവൃത്തിക്കുള്ള ഒരു ഉപശാന്തിയെന്നല്ലാതെ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ എന്ന നിലയിൽ ആരും അതിനെ ഗണിച്ചുവരുന്നുണ്ടെന്നതന്നെ എനിക്കഭിപ്രായമില്ല. ഇതിനുള്ള മുഖ്യ കാരണം ത

LIBRARY ARCHIVES Kerala Legislative Assembly

ടോരാ ഉപരി പഠനത്തിനുള്ള തുകകളൊക്കെ നഷ്ടപ്പെട്ട പോകുന്നവെ ന്നുള്ളതായിരിക്കണം. ഉപരി പഠനം എന്നു ഞാൻ വിവക്ഷിക്കുന്നതു്, വെറും തൊഴിൽ സംബന്ധമായിട്ട മാത്രമല്ല നേരെ മറിച്ചു് തൊഴിൽ പരിശീലനം ലഭിക്കുന്ന വിദ്യാർത്ഥികളുടെ മാനസിക വികാസത്തിനും പഠനാനന്തരം സ്വതന്ത്ര സാമ്പത്തിക സംരഭങ്ങളിലേർപ്പെടുവാൻ ത ക്ക ധൈര്യം ഉളവാക്കത്തക്കവിധത്തിലുള്ള മൌലിക ജ്ഞാനലബ്ധി ക്കും പറ്റിയ സാഹചര്യങ്ങളും ഉദ്ദേശിച്ചാണു്. അത്തരത്തിലുള്ള ഒരു പരിഷ്കരണത്തിനുവേണ്ടുന്ന ധനം അനുവദിക്കുകയും ആ പരിഷ്കര ണം പ്രായോഗികമാക്കിത്തീർക്കുകയും ചെയ്താൽ ധനവാന്മാരായ വിദ്യാ ർത്ഥികളെ കൂടി സാങ്കേതിക വിദ്യാലയങ്ങളിലേക്കാകർഷിക്കുവാൻ സാ ധിക്കും. ധനവാന്മാരായ കുട്ടികളുടെ സഹകരണത്തിലാണു് സാങ്കേ തിക വിദ്യാപരിശീലനത്തിന്റെ പരിപൂർണ്ണ വിജയം നിലനിൽക്കുന്നു തെന്നു ഞാൻ വിശ്വസിക്കുന്നു.

പരിശീലനം കഴിഞ്ഞു പുറത്തുവരുന്നവർ തൊഴിലില്ലാതെ ഉഴലു ന്നതു കാണുമ്പോഴാണു് അതിന്റെ പ്രയോഗശൂന്യത മുഴുവൻ തെളിവാ കുന്നതു്. അധഃകൃതരെ സംബന്ധിച്ചിടത്തോളം ഈ ദുരവസ്ഥ ചില്ലറ യൊന്നുമല്ല. അതിന്റെ നിവാരണാർത്ഥം അധികൃതന്മാരുടെ മുമ്പാകെ മുറവിളി കൂട്ടുന്നതും ഇതംപ്രഥമമല്ല. കോളനികൾതോറും തൊഴിൽ ശാലകൾ സ്ഥാപിച്ചു് ഗവർമ്മെണ്ടിൽനിന്നുതന്നെ ഈ ദുരവസ്ഥക്കു ഒ രു താല്കാലിക ശമനം കണ്ടെത്താതെ നിവൃത്തിയില്ല. ധനവാന്മാരു ടെ സഹകരണംകൂടി സാങ്കേതിക വിദ്യാലയങ്ങളിലുണ്ടായാൽ പഠനാ നന്തരം അവർ ഏർപ്പെടുന്ന സ്വതന്ത്ര സംരംഭങ്ങളിൽ സംബന്ധിച്ചെ ങ്കിലും സങ്കടനിവൃത്തി വരുത്താമെന്നല്ലാതെ തല്കാലം യാതൊരു നി വൃത്തിയും അവശേഷിച്ചിരിപ്പില്ല.

ഈ അവസരത്തിൽ സഹകരണ പ്രസ്ഥാനത്തെക്കുറിച്ചും അല്പം പറയേണ്ടതുണ്ടു്. തൊഴിൽ പരിശീലനം കഴിച്ചവർക്കു് തൊഴിൽ ശാല കൾ സ്ഥാപിച്ചു തദ്വാരാ തൊഴിലുണ്ടാക്കികൊടുക്കുന്നതിനും പ്രാരംഭ ത്തിൽതന്നെ ആവശ്യമുള്ള മൂലധനം സഹകരണപ്രസ്ഥാനങ്ങൾ വഴി യല്ലാതെ ഉണ്ടാകുവാൻ വഴിയുണ്ടെന്നു തോന്നുന്നില്ല. തൊഴിൽശാലക ൾ സ്ഥാപിക്കുന്നതിനും നിർമ്മിതസാധനങ്ങൾ വിറ്റു തീർക്കുന്നതിനും സഹകരണപ്രസ്ഥാനങ്ങൾതന്നെ വേണ്ടിവരും. അഗതികളും ദരിദ്രരു മായ അധഃകൃതവർഗ്ഗത്തെ ഗവർമ്മെൻറിൽനിന്നും സഹായധനം നൽ കിക്കൊണ്ടുള്ള സഹകരണപ്രസ്ഥാനങ്ങൾകൊണ്ടു നടത്തുന്നതിനു പ്രോ ത്സാഹിപ്പിക്കുവാൻ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു. അധഃ കൃത സംരക്ഷകന്റെ ശ്രദ്ധ അനാവശ്യങ്ങളായ ഭജനമഠങ്ങളും ക്ഷേത്ര ങ്ങളും പണിചെയ്യുകൊടുക്കുന്നതിനേക്കാൾ കൂടുതലായി ഇക്കാര്യത്തിലേ ക്കു ക്ഷണിക്കുവാൻ ഞാൻ നിർബന്ധിതനായിതീർന്നിട്ടുണ്ടു്. കോവാപ്പ റേറീവു് ഇൻസ്പെക്ടർമാരുടെ സംഖ്യ ഈ വകുപ്പിൽ വർദ്ധിപ്പിക്ക കയും, അനുഭാവപൂർവ്വവും ബുദ്ധിപൂർവ്വവും പ്രയത്നിച്ചു കാലവിളംബമെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ന്വേ ഈ സംരംഭം സഫലമാക്കിത്തീർക്കുന്നതിനുള്ള സാധ്യതയും സന്നദ്ധതയും തികഞ്ഞവരെ തൽസ്ഥാനങ്ങളിൽ നിയമിച്ചു് ഉദ്ദേശത്തെ നിറവേറ്റുവാൻ സംരക്ഷകൻ ഉത്സാഹിക്കുമെന്നു പ്രതീക്ഷിക്കട്ടെ.

ഇനി 'ജലവിതരണ'ത്തെ സംബന്ധിച്ചു് ഒരു വാക്കു പറയട്ടെ. 'ജലവിതരണ' ആവശ്യത്തിലേക്കുവേണ്ടി ൨൦൦൦ ക.യാണു് ഇക്കൊല്ലത്തെ ബഡ്ജറിൽ വകകൊള്ളിച്ചു കാണുന്നതു്. പുതിയ കിണറുകൾ കുത്തിക്കുവാനും ഉള്ളവ കേടു തീർപ്പിക്കുവാനും മറ്റുമായി ഈ തുക മതിയെന്നു തന്നെയാണു് ഞാനും അഭിപ്രായപ്പെടുന്നതു്. പക്ഷെ ചിലവുകളിൽ കഴിയുന്നതും ലുബ്ധുപിടിച്ചു് കൂടുതൽ ഉപയോഗപ്രദമാക്കിത്തീർക്കുന്നതിനു പുറമെ പ്രസ്തുത ജോലികളൊക്കെ കൊച്ചീക്കാരായ അധ:കൃതർക്കുതന്നെ ഏൽപ്പിച്ചുകൊടുത്താൽ ഈ നിലയിലും അവരുടെയിടയിലുള്ള തൊഴിലില്ലായ്മക്കു പൊരുതിയുണ്ടാകും. കരുപണികൾ ബ്രിട്ടീഷുകാർക്കു കൊടുക്കുന്നതിൽ 'സംരക്ഷകൻ' കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നുണ്ടെന്നു് ഈയിടയിൽ ചില ആവലാതികൾ കേൾക്കാനിടവന്നതിനാലാണു് ഇക്കാര്യം പ്രത്യേകം പറയുന്നതു്.

കോളനികളുടെ ചിലവിലേക്കായി ൧൫൦൦൦ ക. വക കൊള്ളിച്ചിട്ടുള്ളതിലും മേൽപറഞ്ഞ നയം അംഗീകരിക്കണമെന്നാണു് ഞാൻ താല്പര്യപ്പെടുന്നതു്. കെട്ടിടങ്ങൾ പണിയുവാൻ വേണ്ട സാമഗ്രികൾ ആദായവിലക്കു വാങ്ങുവാനും, കൂലിപ്പണികളൊക്കെ കൊച്ചീക്കാരായ അധ:കൃതർക്കുതന്നെ ചുരുങ്ങിയ സംഖ്യക്കു ഏൽപ്പിച്ചു കൊടുക്കുവാനും പണി കഴിഞ്ഞാൽ വാഗ്ദത്തപ്രകാരമുള്ള സംഖ്യ താമസംവിനാ കൊടുത്തു തീർക്കുന്നതിനു ആ പാവപ്പെട്ടവരെക്കൊണ്ടു് എഴുത്തുകുത്തുകൾ നടത്തിക്കുവാനൊ കൂടക്കൂടെ രാമവർമ്മപുരത്തേക്കു ബസ്സുകൂലി ചിലവു ചെയ്യിപ്പിക്കുവാനോ ഇട വരുത്തരുതെന്നും വിനയപൂർവ്വം അപേക്ഷിക്കുവാൻ ഞാൻ നിർബന്ധിതനായിരിക്കുന്നു.

സ്കൂൾകെട്ടിടങ്ങൾക്കു് അനുവദിച്ചിട്ടുള്ള 'സ്റ്റൈപ്പെൻറും' അതാതു മാസങ്ങളിൽതന്നെ കൊടുത്തു തീർക്കുവാൻ എഴുത്തുകുത്തുകൾക്കിടവരുത്താതെ കഴിക്കണം. പാവപ്പെട്ട കുട്ടികൾ അവർക്കു ഈ സംഖ്യ കൂടിശ്ശിക കൂടാതെ ലഭിക്കാതിരുന്നാൽ പൊരുതി മുട്ടും. ഇതു സംബന്ധിച്ചു് ഈ കാലത്തിനിടയിൽ പല സ്ഥലങ്ങളിൽനിന്നുമായി നിരവധി ആക്ഷേപങ്ങൾ കേൾക്കേണ്ടിവന്നതുകൊണ്ടാണു് ഞാൻ പ്രത്യേകം പറയുന്നതു്. ഇതുപോലെതന്നെ ഭക്ഷണച്ചിലവിനുള്ളതിലും വീഴ്ച വരുത്തരുതെന്നാപേക്ഷയുണ്ടു്.

വിദ്യാർത്ഥികൾക്കു പുസ്തകാദിസാമഗ്രികൾ നൽകേണ്ട കാര്യത്തിൽ പതിവായിട്ടുള്ള ഉദാസീനതക്കു ഇനിയും കുറവു വന്നിട്ടുണ്ടെന്നു തോന്നുന്നില്ല. സ്കൂൾ തുറന്നു ആഞ്ചും ആറും മാസമായിട്ടും പുസ്തകങ്ങൾ മുഴുവൻ ലഭിക്കുന്നില്ലെന്നു വന്നാൽ, അഥവാ പണം മുൻകൂർ എടുത്തു വാങ്ങാറ്റെന്നു വിചാരിക്കുകയാണെങ്കിൽതന്നെ അതിനു സ്വാതന്ത്ര്യമില്ലെന്നുവന്നാൽ കുട്ടികൾ വർഷംപ്രതി തോൽക്കുന്നതിൽ അവരെ കുറ

പ്പെടുത്തുന്നതു ശരിയല്ലല്ലോ! സംരക്ഷകന്റെ ശ്രദ്ധ ഇക്കാര്യത്തിലേക്കു പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു.

അവസാനമായി അധഃകൃത സംരക്ഷകന്റെ ഭരണനയത്തിൽ കൂടുതൽ ഊർജിതവും അനുഭാവപൂർവ്വവുമായ ഒരു മനോഭാവം ഇക്കൊല്ലം മുതൽ ഉണ്ടാകേണ്ടിയിരിക്കുന്നുവെന്ന കാര്യം ഞാൻ അദ്ദേഹത്തെ അനുസ്മരിപ്പിച്ചുകൊള്ളട്ടെ. ബഡ്ജറ്റിൽ അനുവദിക്കുന്ന പണം കൊല്ലംതോറും ഗണ്യമായി കൂടിവരുന്നുണ്ടെങ്കിലും വകുപ്പിന്റെ ഭരണം കൂടുതൽ കാര്യക്ഷമമാക്കിത്തീർക്കുവാൻ എന്റെ സമുദായത്തിന്റെ പേരിൽ ഞാൻ അഭ്യർത്ഥിക്കട്ടെ.

ഇതോടൊപ്പംതന്നെ മർദ്ദിതരും നിരാശ്രയരുമായ അധഃകൃതവർഗ്ഗത്തിന്റെ പ്രത്യേക താല്പര്യങ്ങളെ മുൻനിറുത്തി അവരുടെ ആവശ്യങ്ങളെ യഥോചിതം ഗവർമെന്റിൽ അറിവു തരുന്നതിനു ഇപ്പോഴുള്ള അധഃകൃതപ്രതിനിധിയുടെ സ്ഥാനത്തു് 'പടന്ന' സമുദായത്തോടു കൊച്ചി ഗവർമെന്റിനുള്ള കൂടുതൽ ഉത്തരവാദിത്വത്തെ ആധാരമാക്കി ഒരു പ്രത്യേക പ്രതിനിധിയെ അനുവദിക്കുകയും മറ്റുള്ള അധഃകൃത വർഗ്ഗങ്ങൾക്കു തൻമൂലം പ്രാതിനിധ്യത്തിൽ കുറവു വരുത്താതിരിക്കുകയും ചെയ്യണമെന്നുകൂടി ഒരപേക്ഷയുണ്ട്. ഉദ്ദേശം ഫർഠാഠത്തോളം ജനസംഖ്യയുള്ള പടന്നാർ ഉപ്പുണ്ടാക്കുവാൻവേണ്ടി കൊച്ചിയിലെ മഹാരാജാക്കന്മാരാൽ ഉത്തരേൻഡ്യയിൽനിന്നും ആനയിക്കപ്പെട്ടവരാണെന്നും ക്രമേണ ഉപ്പു വ്യവസായം ബ്രിട്ടിഷ് ഗവമ്മെൻറിനധീനമായതോടുകൂടി അധഃപതനത്തിലാണ്ട അവർ മത്സ്യം പിടിത്തം, വള്ളം പതിക്കൽ എന്നീ രണ്ടു മൂന്നിനങ്ങളിലായി വമ്പിച്ച ഒരാദായം ഗവമ്മെൻറിനുണ്ടാക്കികൊടുക്കുന്നുണ്ടെന്നിരിക്കെ അവരുടെ പ്രത്യേക താല്പര്യങ്ങൾ പരിരക്ഷിക്കുന്നതിനു് ഈ രക്ഷാമാർഗ്ഗം അത്യന്താപേക്ഷിതമാണെന്നുള്ള കാര്യം ഗവമ്മെൻറു വിസ്മരിക്കയില്ലെന്നുള്ള പരിപൂർണ്ണവിശ്വാസത്തോടുകൂടി ഞാൻ ഉപസംഹരിച്ചുകൊള്ളുന്നു.

മിസ്റ്റർ ടി. സി. ഇയ്യുക്കുട്ടി (*Pazhanji*).— മിസ്റ്റർ പ്രസിഡണ്ട്, സർ, ബഡ്ജറ്റു വിമർശനം ഒരു മാമൂൽ ആയിത്തീർന്നിട്ടുണ്ട്. ബഹുമാനപ്പെട്ട ഫിനാൻസു മെമ്പർ കൊല്ലത്തിലൊരിക്കൽ ബഡ്ജറ്റു ഈ സഭ മുമ്പാകെ സമർപ്പിക്കും. ആ അവസരത്തിൽ ബഹുമാനപ്പെട്ട മെമ്പർമാർ വാദപ്രതിവാദം നടത്തും. കൌൺസിൽ കഴിയും. കൃതാർത്ഥരായി മെമ്പർമാർ മടങ്ങും. ഗവമ്മെൻറു അവർ നിശ്ചയിച്ച തരത്തിൽതന്നെ കാര്യങ്ങൾ നടത്തുകയും ചെയ്യും. അവർ വിചാരിച്ച തരത്തിൽ ചിലവു ചെയ്യാൻ സാധിച്ചില്ലെങ്കിൽ ചിലവു ഇന്നയിന്ന ഇനങ്ങൾക്കു കൂടിപ്പോയി എന്നും പറഞ്ഞു പിന്നത്തെ മീറ്റിംഗിൽ സപ്ലിമെൻററി ഗ്രാൻറിനു ആവശ്യപ്പെടുകയും അല്ലാത്തപക്ഷം അവരുടെ പ്രത്യേകാധികാരം ഉപയോഗിച്ചു് കാര്യങ്ങൾ സാധിപ്പിക്കുകയും ചെയ്യും. പിന്നെ എന്തിനാണു് നാം ഇത്ര ബുദ്ധിമുട്ടുന്നതു് എന്നു ഞാൻ ചിലപ്പോൾ വിചാരിക്കുന്നുണ്ടു്. നമ്മുടെ ഈ വലിയ

LIBRARY ARCHIVES Kerala Legislative Assembly

ശബ്ദം വെച്ചുള്ള പ്രസംഗങ്ങൾ കേൾക്കേണ്ടിവരും ഗവണ്മെൻറിനു ഒരു നേരംപോക്കു പോലെ തോന്നുവാൻ വഴിയുണ്ട്. ഇങ്ങിനെയൊക്കെയിരുന്നാലും ബഡ്ജറിനെപ്പറ്റി രണ്ടു വാക്കു പറയാതിരിപ്പാൻ നിവൃത്തിയില്ല.

അടുത്ത കൊല്ലത്തിൽ ഒരു നീക്കിയിരിപ്പുള്ള ബഡ്ജറാണ് സമർപ്പിച്ചിരിക്കുന്നതെങ്കിലും അതിലെ വരവു ചിലവിനങ്ങൾ ക്രമക്ഷമായി പരിശോധിക്കുകയാണെങ്കിൽ ബഹുമാനപ്പെട്ട ഫിനാൻസുമെമ്പർക്കു അഭിനന്ദനത്തിനു അവകാശമില്ലാ. അതിനുള്ള കാരണം ഞാൻ വഴിയെ പറഞ്ഞുകൊള്ളാം. അതിനു മുമ്പു ഗവണ്മെൻറിന്റെ കഴിഞ്ഞ രണ്ടു മൂന്നുകൊല്ലത്തെ വരവു ചിലവിനെസ്സംബന്ധിച്ചു അല്പം ആലോചിക്കാം. ൧൯൨൦ൽ ൯൭,൪൨,൭൮൦ ക വരവും ൯൩,൫൩,൫൯൦ ക. ചിലവും ഉള്ളതായി കാണാവുന്നതാണ്. അതുപ്രകാരം ൪൭,൩൯൦ ക. മിച്ചമുണ്ടായി. ൧൯൨൧ലേക്കു കടക്കുമ്പോൾ അവരുടെ പ്രതീക്ഷ ഒരു വിധം. യഥാർത്ഥ സംഭവം മറെറാരുവിധം ആണ്. ൧൯൨൧ലെ ബഡ്ജറു പ്രകാരം ൯൬,൫൬,൯൦൦ ക. വരവും ൯൭,൬൫,൩൦൦ ക. ചിലവും അവർ പ്രതീക്ഷിച്ചു എങ്കിലും കുറച്ചു കഴിഞ്ഞപ്പോഴേക്കും അവരുടെ പ്രതീക്ഷക്കു ഒരു വലിയ വ്യത്യാസം വന്നു. റിവൈസ്ഡ് എസ്റ്റിമേറു പ്രകാരം ൯൬,൪൯,൩൦൦ ക. വരവും ൧,൦൪,൧൪,൪൦൦ ക. ചിലവും എന്ന മട്ടിലായി. അതുപോലെ അവസാനിക്കുകയായിരുന്നെങ്കിൽ ൪,൪൪,൬൦൦ ക. നഷ്ടം വന്നേനെ. എന്നാൽ നമ്മുടെ ഭാഗ്യംകൊണ്ടു അതു വന്നില്ല. ൯൯,൪൬,൭൬൨ ക. വരവും ൧,൦൦,൪൯,൭൯൯ ക. ചിലവും ആയി ഭവിച്ചു. അപ്പോൾ ൯൯,൦൯൧ ക. മാത്രം നഷ്ടത്തിൽ അവസാനിച്ചു. ൧൯൨൨ ബഡ്ജറിൽ ൧,൦൧,൯൬,൯൦൦ ക. വരവും ൧,൦൦,൯൨,൯൦൦ ക. ചിലവും ആയി കാണിച്ചു് ൪൯,൯൦൦ ക. മിച്ചമുണ്ടാകുമെന്നു നമ്മെ പറഞ്ഞു മനസ്സിലാക്കി. ഇപ്പോൾ പ്രതീക്ഷ അങ്ങിനെയല്ലത്രെ. ൧,൦൯,൪൦,൭൦൦ ക. ചിലവു വരും. വരവ് ൯൯,൭൬,൭൦൦ ക. മാത്രമേയുണ്ടാകയുള്ളൂ. അതുകൊണ്ടു ൯,൩൯,൭൦൦ ക. നഷ്ടം ഉണ്ടാകുമെന്നാണ് ഇപ്പോൾ പറയുന്നതു്. ഇനി ൧൯൨൯ലെ ബഡ്ജറു നോക്കാം. അതിൽ അവരുടെ പ്രതീക്ഷ ൧,൦൦,൫൬,൭൦൦ ക. വരവും ൯൭,൫൬,൫൦൦ ക. ചിലവും ആണ്. അതുപ്രകാരം ൨,൭൨,൨൦൦ ക. മിച്ചമുണ്ടാകുമത്രെ. എങ്കിലും അവസാനം മുൻകൊല്ലങ്ങളിലെപ്പോലെ തന്നെ ആകാതിരുന്നാൽ മതി. ഈ കണക്കുകൾ കൊണ്ടു രണ്ടുമൂന്നു കൊല്ലമായി നമ്മുടെ ആകെയുള്ള കെട്ടിയിരിപ്പു സംഖ്യയിൽനിന്നു കുറഞ്ഞു കുറഞ്ഞു വരുന്നതായി കാണാം. ഇതു വലിയ ഒരു ആശങ്കക്കു വഴിയായിരിക്കുന്നു.

മുൻ ഞാൻ പറഞ്ഞതുപോലെ അടുത്ത കൊല്ലത്തെ ബഡ്ജറു മിച്ചമുള്ളതാണെന്നു കാണിച്ചുതന്നതിൽ ഒരു വിലയും ഇല്ലെന്നു ഞാൻ മനസ്സിലാക്കിതരാം. ഇല്ലം പൊരിച്ചു് ചാത്തം ഊട്ടുക എന്നു പഴമൊഴിപോലെയാണ് നമ്മുടെ ബഡ്ജറു തയ്യാറാക്കിയിരിക്കുന്നതു്. കഴി

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞ ഒന്നരണ്ട കൊല്ലങ്ങളിൽ നഷ്ടമാണല്ലൊ വന്നിരിക്കുന്നത്. അതു കൊണ്ട് ഈ ബഡ്ജറിൽ തീർച്ചയായിട്ടും മിച്ചമുണ്ടാക്കണമെന്ന ഉറച്ചു അതുപ്രകാരം ശരിപ്പെടുത്തി. വരവ് എല്ലാക്കൊല്ലങ്ങളിലും ഏകദേശം ഒരുപോലെ തന്നെയെന്ന വേണം പറവാൻ. അതുകൊണ്ട രാജ്യത്തിന്ന അഭിവൃദ്ധിയില്ല എന്ന നമുക്ക മനസ്സിലാക്കാം. ചിലവിനങ്ങളം നോക്കുമ്പോൾ ഒരു പിശുക്കന്റെ ചിലവഴിക്കലിനെപ്പോലെ തോന്നുന്നു. നമുക്ക ഒരു പൈയും ചിലവഴിക്കേണ്ട. പട്ടിണി കിടക്കാം. എന്നിട്ട നമുക്ക മിച്ചമുണ്ടാകുമൊ എന്ന നോക്കാം. ഈ ഒരു തത്വമാണ് ഇപ്പോൾ ഗവൺമെൻറു അവലംബിച്ചിരിക്കുന്ന നയം. ഇതു ശരിയല്ലാ. മറ്റുള്ളവക്ക ചിലവു കഴിച്ചു മിച്ചമുണ്ടാക്കുന്നവനാണ് കാര്യശേഷിയുള്ളവൻ. ഓരോ ഡിപ്പാർട്ടുമെൻറിലും ഏതുവിധമാണ് ചിലവു ചുരുക്കിയിരിക്കുന്നത് എന്നാലോചിക്കുമ്പോൾ ഞാൻ മേൽപറഞ്ഞ സംഗതി വെളിപ്പെടുകയും ചെയ്യും.

ഫാമ്നൽ ഫ,വ്വ,ന്നാറ കു. മിച്ചമുണ്ടാകുമെന്നു നാം കണ്ടുവല്ലൊ. ഇതിന്ന പ്രധാന കാരണം ഫാമ്നു-ൽ P. W. ഡിപ്പാർട്ടുമെൻറിൽ വ,ന്നെ,൦൦൦ കു. ഫാവു-ലേതിനേക്കാളം കൂടുതൽ ലാഭമുണ്ടാക്കിയതാണ്. ആ ഡിപ്പാർട്ടുമെൻറിൽ സാധാരണ ചിലവാക്കാവുള്ള സംഖ്യ ചിലവാക്കീട്ടില്ലാ. ഫാമ്നു-ൽ കെട്ടിടങ്ങൾക്കു ര,വ്വന്ന,വ്വര കു.യാണ് വകകൊള്ളിച്ചതു്. എന്നാൽ ഫാമ്നു-ൽ ഈ ഇനത്തിന്ന് വ,ര്വ,ന്നാറെ കു. മാത്രമേ നീക്കി വെച്ചിട്ടുള്ളൂ. ഓരോ ഗ്രാമത്തിന്നും അത്യാവശ്യം വേണ്ടതായ പണികളം ഫാമ്നു-ൽ പണികഴിപ്പിക്കാമെന്നുവെച്ചു് കാര്യമായി പറയത്തക്ക വലിയ പണികളംക്കൊന്നും തന്നെ വകകൊള്ളിച്ചിട്ടില്ല. അതു മൂലം വലിയ ഒരു തുക മിച്ചമായി കിട്ടി. ഇങ്ങിനെയുണ്ടാക്കിയ മിച്ചം ഒരു മിച്ചമായി കരുതുവാൻ പാടില്ല. ന്യായമായതും അത്യാവശ്യമായതുമായ പണികളം ചെയ്യിക്കാതെയിരുന്നാൽ ലാഭമുണ്ടാക്കാമെന്നതു് ആരും പറയാതെ തന്നെ അറിയാവുന്നതാണല്ലൊ. ഈ ഒരു നയം ഗ്രാമങ്ങളെ ബുദ്ധിമുട്ടിച്ചല്ല ചെയ്യേണ്ടതു്. റേഡിയം ഇൻസ്റ്റിറ്റ്യൂട്ടിന്ന് ഫാമ്നു-ൽ ചിലവഴിക്കാനായി നീക്കിവെച്ച ഫവ്വ,൫൦൦ കു. തൽക്കാലം ആ പണി വേണ്ടെന്നു വയ്ക്കുകയാണെങ്കിൽ ആക്കും ഒരു വിഷമം കൂടാതെ മിച്ചമായി കണക്കാക്കാവുന്നതാണ്. നമ്മുടെ ഓരോ കുഗ്രാമവും ബുദ്ധിമുട്ടിയിട്ടല്ല അന്യരാജ്യങ്ങളിൽ നമ്മുടെ നാട്ടിനെ വലുതാക്കിതീർക്കുന്നതു്.

ഇനി വില്ലേജ് പഞ്ചായത്തു ഡിപ്പാർട്ടുമെൻറിനെക്കുറിച്ചു ഒന്നു ആലോചിക്കാം. ഫാവു-ൽ ഇരിഗേഷനു ഫൻ,ഫൻ൦ കയാണ് നീക്കിവെച്ചതു്. ഫാമ്നു-ൽ ആ ഇനത്തിന്ന് വ,൫ര്വ കു. ഫാണ.യാണ് വകകൊള്ളിച്ചിരിക്കുന്നതു് ഇക്കാലങ്ങളിൽ റോഡ്കൾക്കല്ല, കൂടുതൽ പ്രാധാന്യം നൽകേണ്ടതു്. ഇരിഗേഷനാണ് വേണ്ടതു്. അതുകൊണ്ട ഈ കാര്യത്തിൽ ഗവർമെൻറു പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. പബ്ലിക്കു ഹെൽത്തു ഡിപ്പാർട്ടുമെൻറിലും വില്ലേജ്കളിൽ

LIBRARY ARCHIVES Kerala Legislative Assembly

അധികം പണം ചിലവഴിക്കുന്നില്ലെന്നു കാണാം. ഗ്രാമങ്ങളിലേക്കു പണം ചിലവഴിക്കണമെന്നു തീർച്ചയാക്കിയാൽ നാട്ടുകാക്കു അതു രക്ഷയായിതീരും. പട്ടണങ്ങളിൽ ഇപ്പോഴുംതന്നെ ധാരാളം പണം ചിലവഴിക്കുന്നുണ്ടു്. "ഉള്ളവക്കു കൊടുക്കപ്പെടും, ഇല്ലാത്തവക്കു ഉള്ളതും കൂടി എടുക്കപ്പെടും" എന്ന മുദ്രാവാക്യം അക്ഷരംപ്രതി ഇവിടെ ശരിയാകുന്നുണ്ടു്. ഒരു വലിയ ഗവമ്മെൻറാശുപത്രിയുള്ള സ്ഥലത്തു ഒരു ഹെൽത്തു സെൻററിൻെറ ആവശ്യമില്ല. ഹെൽത്തുസെൻറർ സ്ഥാപിക്കണമെന്നു വിചാരിക്കുന്നുണ്ടെങ്കിൽ അതു അടുത്തുള്ള ഒരു വില്ലേജിലായാൽ മെഡിക്കൽ സഹായം അവക്കു എളുപ്പത്തിൽ കിട്ടുന്നതാണല്ലൊ. (ഹിയർ, ഹിയർ). അതുപോലെതന്നെ കിണറുകളുടേയും കുളങ്ങളുടേയും കാര്യങ്ങൾ.

തൊഴിലില്ലായ്മയുടേയും കാര്യങ്ങൾ ഈ സമയത്തു പറയേണ്ടിയിരിക്കുന്നു. എത്രയൊ വലിയ ജന്മികൾ അവരുടെ സ്ഥലങ്ങൾ തരിശാക്കിയിട്ടിരിക്കുന്നു. ഗവമ്മെൻറിനും അതുപോലെയുള്ള സ്ഥലങ്ങൾ ധാരാളമുണ്ടു്. ഉപയോഗശൂന്യമായികിടക്കുന്ന ഈ സ്ഥലങ്ങൾ സാധുക്കൾക്കു പതിച്ചു കൊടുക്കുകയൊ പാട്ടത്തിനു ഏല്പിക്കയൊ ചെയ്താൽ അവക്കു കിടന്നു പിഴക്കുന്നതിനു ഒരു വഴിയായി. ഗവമ്മെൻറിനു അതുകൊണ്ടു ഒരു നഷ്ടവും വരുവാനില്ല. അവർ അതിനു ശ്രമിക്കുന്നുവെങ്കിൽ വലിയ ജന്മികളും സാധുക്കൾക്കു പതിച്ചുകൊടുക്കുന്നതിനു ശ്രമിക്കുന്നതായിരിക്കും.

പലിശ നാട്ടിൽ കുറക്കുന്നതിനുള്ള ഒരു വഴി ഈ അവസരത്തിൽ പറയുന്നതിനു എന്നെ പ്രേരിതനാക്കുന്നു. ഗവർമ്മേൻറു കടമെടുക്കുന്നുവെങ്കിൽ അതു അന്യനാടുകളിൽ നിന്നായിരിക്കണം. നാട്ടുകാരുടെ പണം ചിലവഴിക്കാതെ കെട്ടി സൂക്ഷിക്കുന്നതു് ഗവർമ്മേൻറു വാങ്ങിക്കരുതു്. അവർ അന്യനാട്ടിൽനിന്നു് കടം വാങ്ങിച്ചു ഇവിടെ വിതരണം ചെയ്യിപ്പിക്കത്തക്ക ഏർപ്പാർട്ടകം നടത്തുന്നുവെങ്കിൽ ധനവാന്മാരായ ഈ നാട്ടുകാർ അവരുടെ പണം ഇവിടെതന്നെ ഏതുവിധമെങ്കിലും ചിലവഴിക്കാൻ നോക്കും. അപ്പോഴം നാട്ടുകാക്കു് സൌകര്യംപോലെ ധാരാളം പണം കിട്ടുന്നതിനു് വഴിയുണ്ടാകുന്നതാണു്. ഗവർമ്മേൻറിൻെറ ഉറപ്പു് ധനവാന്മാക്കു കിട്ടുന്നതുകൊണ്ടാണു് അവർ അന്യക്കു പണം കൊടുക്കാതിരിക്കുന്നതു്. അതുകൊണ്ടു മേലാൽ ഗവർമ്മേൻറു കടമെടുക്കുന്നപക്ഷം അന്യ നാട്ടുകാക്കു പ്രാധാന്യം കൊടുക്കേണ്ടതാണു്.

എഡുക്കേഷൻ ഡിപ്പാർട്ടുമേൻറിൽ എയിഡഡ് സ്കൂൾകാരോടു ഗവമ്മേൻറു കാട്ടുന്നനയം ഒട്ടും ആശാസ്യമല്ല. ഗ്രാൻറു കൊടുക്കാമെന്നു പറഞ്ഞു് എത്ര സ്കൂൾകാരേയാണു് ഇപ്പോൾ കബളിപ്പിച്ചിരിക്കുന്നതു്. അങ്ങിനെ വരുന്ന സംഖ്യ വലിയൊരു തുകയുമാകയില്ല; ഗവമ്മേൻറിൻെറ വാശ്ചത്തം നിറവേറി എന്നു പറയുന്നതു് ഗവമ്മേൻറിനു ഒരു അന്തസ്സും അല്ലേ? എയിഡഡ് സ്കൂൾ അദ്ധ്യാപകന്മാരുടെ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴത്തെ സ്ഥിതി വളരെ ശോചനീയംതന്നെ. അവർ ഡിപ്പാർട്ട മെൻറിൽനിന്ന് പിരിഞ്ഞുപോകുമ്പോൾ വെറും കയ്യായി പോകുന്നതു് വളരെ സങ്കടമാണു്. ഗവമ്മേൻറദ്ധ്യാപകന്മാക്ക കിട്ടിവരുന്ന പെൻഷൻ, ഗ്രാറ്റുവിറ്റി എന്നതുപോലെ ഒരു ഫണ്ട് ഈ അദ്ധ്യാപകന്മാക്കും കൊടുക്കേണ്ടതാണു്. എഡ്യൂക്കേഷൻ കോഡിൽ പറഞ്ഞ പോലെ ഒരു പ്രോവിഡൻറ ഫണ്ട് രൂപീകരിക്കേണ്ടതാണു്. മാനേജർമാക്ക ഇതിനു വിസമ്മതമാണെങ്കിൽ അവരുടെ കോൺട്രിബ്യൂഷൻ കൂടി അദ്ധ്യാപകന്മാർ എടുക്കുവാൻ തയ്യാറാകുന്നതാണു്. ഈ കാര്യത്തിലും ഗവമ്മേൻറു പ്രത്യേകം ശ്രദ്ധിക്കുമെന്നു വിചാരിക്കുന്നു.

എക്സൈസു ഡിപ്പാർട്ടമെൻറിലാണു് കൂടുതൽ കോഴ നടക്കുന്നതെന്നു തോന്നുന്നു. സാധുക്കളായ കള്ളു ചെത്തുകാരോടും ചക്കരക്കള്ളു ചെത്തുകാരോടും മറ്റും കാണിക്കുന്ന നയം ദിവാൻ പ്രസിഡണ്ടു അവർകൾ പ്രത്യേകം ഒന്നു അന്വേഷിച്ചാൽ കാര്യത്തിൻെറ വാസ്തവം മനസ്സിലാക്കുവാൻ സാധിക്കുന്നതാണു്. കൂടുതൽ വിവരങ്ങൾ ധനാഭ്യർത്ഥന സമയത്തു് ഞാൻ വിവരിച്ചുകൊള്ളാം. റിബ്ബുമെൻറു കമ്മറിയുടെ നിരൂപണം വളരെ ഭംഗിയായിട്ടുണ്ടു്. കഴിയുന്നതും അതു് നടപ്പിൽ വരുത്തുവാൻ നോക്കേണ്ടതാണു്. കാര്യമായി ഒരു സംഗതി ആ വിഷയത്തിൽ എനിക്കു പറയുവാനുള്ളതു് കൂടുതൽ ശമ്പളക്കാരുടെ ശമ്പളം കുറക്കേണ്ടതും വലിയ ഒരു സംഖ്യ ഇതു മൂലം മിച്ചം കിട്ടുകയില്ലെങ്കിലും കിട്ടുന്നതു് കാര്യമാണല്ലൊ. താഴ്ന്ന ശമ്പളക്കാരുടെ ബത്തയും Daily allowances-ം വർദ്ധിപ്പിക്കുന്നതു് ഒരു പുണ്യമായ സംഗതിയായിരിക്കും.

അഞ്ചൽ ഡിപ്പാർട്ടമേൻറിനെക്കുറിച്ചു് രണ്ടുവാക്കു പറഞ്ഞു് ഞാൻ അവസാനിപ്പിക്കാം. ഇപ്പോഴത്തെ പുതിയ സൂപ്രണ്ടു ഭരണം കയ്യേറതോടുകൂടി ഡിപ്പാർട്ടമെൻറിൽ ഒരു വലിയ വ്യത്യാസം വന്നുകഴിഞ്ഞു. വളരെ കാലതാമസം കൂടാതെ എഴുത്തുകൾ ഒരു സ്ഥലത്തുനിന്നു മറെറാരു സ്ഥലത്തേക്കു വരുവാൻ സാധിച്ചു. ഇനിയും കൂടുതൽ പരിഷ്കാരങ്ങൾ വരുമെന്നാശിച്ചുകൊണ്ടു് തല്ക്കാലം ഞാൻ ഇവിടെ ഉപസംഹരിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. കുഞ്ഞിരാമമേനോൻ:— *(Cheruthuruthy)* മിസ്റ്റർ പ്രസിഡണ്ടു്, സർ, ബഹുമാനപ്പെട്ട പള്ളിപ്പുറം മെമ്പർ പ്രസ്താവിച്ച മാതിരി ഫ്രഫസ്സനൽ ലേക്കുള്ള ആയവ്യയക്കണക്കിൻെറ ഗുണദോഷങ്ങളെപ്പറ്റിയുള്ള പ്രശംസയും, ആക്ഷേപവും അർഹിക്കുന്നതു് ഇന്നത്തെ ഭരണസമ്പ്രദായത്തിൽ ഫിനാൽസുമെമ്പറല്ല; ബഡ്ജറിൻെറ മുമ്പല മുഴുവൻ വഹിക്കുന്ന ഭരണരഥത്തിൻെറ സാരഥിയായ ഭരണമേധാവിക്കുതന്നെയാണു്.

എന്നാൽ ചിലവു ചുരുക്കേണ്ടതു് ഏതുവിധത്തിലാണെന്നു കാര്യത്തിലാണു് ഗവമ്മേൻറും ജനപ്രതിനിധികളും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടാകുന്നതു്. ചിലവു ചുരുക്കേണ്ടതു് ഈ ബഡ്ജറിൽ ചെയ്ത

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരം ജനക്ഷേമകരമായ ഡിപ്പാർട്ടമെൻറുകളുടെ ചിലവു ചുരുക്കീട്ടാണോ? ഒരിക്കലുമല്ല. പഞ്ചായത്തു ഡിപ്പാർട്ടമെൻറിനെപ്പോലെ പൊതുജനങ്ങളെ ബാധിക്കുന്നതും നാട്ടുകാക്കു ക്ഷേമപ്രദവുമായ മറ്റു യാതൊരു ഡിപ്പാർട്ടമെൻറും ഇല്ലെന്നു ഞാൻ വിശ്വസിക്കുന്നു. ഈ ഡിപ്പാർട്ടമെൻറിൻെറ ഗുണപ്രദമായ പ്രവൃത്തികളെ തടയുന്നവിധം ഡിപ്പാർട്ടമെൻറിനെ അർദ്ധപട്ടിണിയാക്കിയിരിക്കുന്നതു് വലിയ അനീതിയായിട്ടുണ്ടെന്നു് പറയാതെ നിവൃത്തിയില്ല. നമ്മുടെ ഗവർമ്മെൻറു പട്ടണങ്ങളുടേയും ഉദ്യോഗസ്ഥന്മാരുടെയും കാര്യത്തിൽ ശ്രദ്ധാലുക്കളാണെന്നല്ലാതെ പാവപ്പെട്ടവരുടെയും ഗ്രാമങ്ങളുടേയും കാര്യത്തിൽ ശ്രദ്ധിക്കുന്നില്ലെന്നുള്ളതിനു ഇത്തവണത്തെ ബഡ്ജറ്റ് ഒരു പ്രത്യേക ലക്ഷണമായി കരുതുന്നു.

ക്ഷാമപീഡിതരായ ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി ഈ ബഡ്ജറിൽ യാതൊരു ഏർപ്പാടും ചെയ്തിട്ടില്ല. നികുതിയും, സ്റ്റാംപ്ഫീസും കാലസ്ഥിതിക്കനുസരിച്ചു ചുരുക്കേണ്ടതാണെന്നു് ഈ സഭ പലകുറിയും പലവിധമായും അഭിപ്രായം രേഖപ്പെടുത്തീട്ടുണ്ടു്. ചിലവിനു സംഖ്യ മതിയാവുന്നതല്ലെന്നു് മറുപടി പറഞ്ഞാൽ അതു മതിയായ സമാധാനമായി എന്നു് എനിക്കു തോന്നുന്നില്ല. ശമ്പളം കുറച്ചും ചിലവു ചുരുക്കിയും ഈ വക ആവശ്യങ്ങൾക്കു സംഖ്യ ഉണ്ടാക്കേണ്ടതാണു്. ആദായനികുതി വർദ്ധിപ്പിച്ചും ൫൦൦ ക. ക്കുമേൽ ഉള്ള ആദായങ്ങൾക്കു പ്രത്യേകമായി നികുതി വർദ്ധിപ്പിച്ചും സംഖ്യയുണ്ടാക്കുവാൻ സാധിക്കുന്നതാണു്.

സർ, എൻെറ നിയോജകമണ്ഡലത്തിൽപെട്ടതും ചെറുതുരുത്തിയിൽ സ്ഥാപിതമായിരിക്കുന്നതുമായ കേരളീയ ആയുർവേദ സമാജം ആസ്പത്രിയെ സംബന്ധിച്ചാണു് ഇനി ഒന്നു പറയുവാനുള്ളതു്. കർഷകരും ദരിദ്രന്മാരുമായ തദ്ദേശിയരുടെ മാത്രമല്ല അന്യദേശീയരുടെ പോലും ആവശ്യങ്ങളെ നിർവ്വഹിച്ചുവരുന്ന അത്യന്തം ഉപയോഗപ്രദമായ ഒരു സ്ഥാപനമാണു് ടി ആസ്പത്രി. ഈ സ്ഥാപനത്തിനു് ഇപ്പോളും സർക്കാരിൽനിന്നും ധനസഹായം കൊടുത്തുവരുന്നുണ്ടു്. അതുകൊണ്ടുമാത്രം ഉദ്ദിഷ്ടഫലങ്ങൾ പൂർത്തിയായി ലഭിക്കപ്പെടുന്നതല്ല. ഈ സ്ഥാപനം സർക്കാരിൽനിന്നു നേരിട്ടെടുത്തു് നടത്തേണ്ടതാണെന്നാണു് എൻെറ അഭിപ്രായം. രോഗികളോടു് ഇപ്പോൾ അവിടെ വസൂലാക്കിവരുന്ന ഫീസും വാടകയും എത്രയും അധികമാണു്. സാധുക്കൾക്കു ഇപ്പോൾ ഈ സ്ഥാപനംകൊണ്ടു് യാതൊരു ഗുണവുമില്ല. ഈ കാര്യത്തിൽ ഗവർമ്മെൻറു യാതൊരു നിയന്ത്രണവും നടത്താത്തതു തെറ്റാകുന്നു.

സർ, കൊച്ചീരാജ്യത്തിൽ അതുകമാനവും എൻെറ നിയോജകമണ്ഡലത്തിൽ പ്രത്യേകിച്ചും പ്രാഥമിക വിദ്യാഭ്യാസത്തിൻെറ സ്ഥിതിയും ശോചനീയമാകുന്നു. ചെറുതുരുത്തി നിയോജകമണ്ഡലത്തിൽ പല വില്ലേജുകളും ഒരു പ്രാഥമിക വിദ്യാലയംപോലും ഇല്ലാത്തതുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

റോഡുകളും പഞ്ചായത്തുവഴികളും വേണ്ടിടത്തോളം ഇല്ലാത്തതുകൊണ്ട് അടുത്ത വില്ലേജുകളിലുള്ള സ്കൂളുകളിലേക്ക് പോയി പഠിക്കുവാനും നിവൃത്തിയില്ലാതെ കഷ്ടപ്പെട്ടവരുന്നുണ്ട്. ൫-ം, ൬-ം വയസ്സു പ്രായമുള്ള ചെറുകുട്ടികൾ തോട്ടുകൾ നീന്തിയും വയലുകളിലെ വെള്ളവും ചളിയും ചവിട്ടിയും സ്കൂളുകളിലേക്കു മൂന്നും നാലും നാഴിക നടന്നു പോകണമെന്നു സിദ്ധാന്തിക്കുവാൻ മാത്രം ഹൃദയശൂന്യത കരുണാനിധിയായ ഒരു പൊന്നുതമ്പുരാന്റെ, വിവേകശാലിയായ ഒരു ദിവാൻജിയുടേയും, പരിഷ്കൃതാശയനായ ഒരു വിദ്യാഭ്യാസ മേലധ്യക്ഷന്റേയും ഗവമ്മേണ്ടിനുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഗ്രാന്റു വിദ്യാലയങ്ങളുടെ കഥ പറയാതിരിക്കുകയാണ് ഉത്തമമെന്നു ഞാൻ വിചാരിക്കുന്നു. എത്ര വിദ്യാലയങ്ങളാണ് അംഗീകരണം സിദ്ധിച്ചു രണ്ടും മൂന്നും വർഷങ്ങളായി ഗ്രാന്റുകിട്ടാതെ കഷ്ടപ്പെടുന്നതു്. ഗ്രാന്റാകുന്ന ജലവുംകാത്തു് ഈ വിദ്യാലയാജകോരങ്ങൾ കുടകമാസത്തിലെ ബഡ്ഡറു മേഘത്തേയും ആശാഭരിതരായി നോക്കിയിരിക്കുകയായിരുന്നു. എന്നാൽ അവയെ സംബന്ധിച്ചിടത്തോളം ഈ ബഡ്ഡറു് ശിലാസദൃശമായി പരിണമിച്ചതു് ഏതു ശിലാഹൃദയത്തേയും അലിയിക്കാതിരിക്കുകയില്ല.

ഗുണരഞ്ജന റഗുലേഷൻ നടപ്പിൽ വരുത്തിയതിനു് ഇന്നാട്ടിലെ അധമർണന്മാരും ഉത്തമർണന്മാരും ഗവമ്മേൻറിനെ ഒരുപോലെ സ്തുതിക്കുന്നതാണ്. എന്നാൽ ഈ അനുഗ്രഹം അനുഭവിക്കാതിരിക്കുവാൻ മറു താലൂക്കുകാർ എന്തപരാധംചെയ്തു എന്നാണ് ഒരു വിനീത ജനപ്രതിനിധിയുടെ നിലയിൽ ഞാൻ ഇവിടെ ചോദിക്കുന്നതു്. പരിക്ഷാർത്ഥമാണെങ്കിൽ അതിനും മറു താലൂക്കുകാക്കു അധികാരവും അവകാശവും ഇല്ലേ? ഇതുകൊണ്ടു് ഗുണവും ദോഷവും കൊച്ചിരാജ്യനിവാസികൾ കൊപ്പം വീതിച്ചുകൊടുക്കാതെ ഒരു തലക്കൽ പരീക്ഷാർത്ഥം നോക്കി ഗുണദോഷം അറിഞ്ഞു് മറുതലക്കൽ എത്തുമ്പോഴേക്കു് ഇതുകൊണ്ടു് ഗുണമായാലും ദോഷമായാലും അവിടെ ഉപകരിക്കുമോ എന്നു സംശയമാണ്.

ക്ഷാമദേവതയുടെ നഗ്നനൃത്തം മറു താലൂക്കുകളിലും നടക്കുന്നുണ്ട്. നാളികേരത്തിന്റെ വില ഈയിടെയായി വർദ്ധിച്ചിട്ടുള്ള തോതിൽ നെല്ലിനും അടക്കക്കും വില വർദ്ധിച്ചിട്ടില്ലാത്തതുകൊണ്ടു് അടക്കക്കാരും നെല്ലുകാരും ആയ മറു താലൂക്കുകാർ നാളികേരോപജീവികളായ കൊച്ചി കണയന്നൂർ, കൊടുങ്ങല്ലൂർ എന്നീ താലൂക്കുകാരെക്കാൾ കഷ്ടപ്പെടുന്നുണ്ടെന്നു പറയാതെ നിവൃത്തിയില്ല. തലസ്ഥാനത്തുനിന്നു വിദൂരസ്ഥരായതുകൊണ്ടാണൊ മറു താലൂക്കുകാരെ അവഗണിച്ചതെന്നു ഞാൻ സംശയിക്കുന്നു.

അവസാനമായി സമ്മതിദാനാവകാശത്തെ വിപുലപ്പെടുത്തുന്നതിനു് ഒരു കമ്മറിയെ നിയോഗിച്ചതിൽ ഞാൻ ഗവമ്മെൻറിനെ ഹാർദ്ദമായി അനുമോദിക്കുന്നു. അതോടുകൂടിത്തന്നെ ഉത്തരവാദിത്വഭരണംകൂടി നടപ്പിൽ വരുത്തേണ്ടതാണെന്നുകൂടി ഗവർമ്മേൻറിനെ ഓർമ്മിപ്പിച്ചുകൊണ്ടു് ഞാൻ വിരമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Mr. George Parakkal *(Narakkal)*.—Sir, speaking generally about the budget the utmost than can be said about it is that it is a carrying on budget. At every stake and on every demand, marks of a heavy wrestle to cut down expenditure is remarkably observable. The strain of heavy financial stringency permeates the whole of the budget. The inflexibility of the receipt side together with the fall in the Excise sales have contributed to a great extent in this difficulty to confront an increasing expenditure.

The test whether a budget is sound—let it be balanced or not—is to be determined by the provision that is made in the budget on items to ameliorate the condition of the masses and promote their happiness. Judged from this standard though one observes genuine attempt to save wherever possible and to utilise those savings on departments like Medicine and Education, the reduced grants to Village Panchayats and Public Health are certain sad features of this budget. The institution of the Debt Conciliation Board is of course an act which deserves great congratulation and the debt-encumbered masses of this country will ever acclaim the advent of this institution.

The munificient grants to beautify the metropolis and other important towns of the State are necessary and good in themselves but when those figures stand side by side with the provisions in the Departments of Public Works, Panchayat and Public Health, so very vital for the villages, a very heavy pang runs through the members representing rural constituencies. We are confident that the Government is anxious to promote the welfare in the villages and the contemplated rural reconstruction scheme is a sure index of the Government's solicitude in this matter.

Though it is said that the economic depression is lifting and that slight openings here and there are observable regarding the prices of commodities the facts remain poignant that the miseries of the people still continue strong. It will take some more years for them to get over this crash. This is the time for the Government to help the ryots with generous remissions. Instead it is disappointing to note that no provision for any sort of tangible remission is found in the budget. On the other hand we are pained to find the Government launching upon schemes for fresh taxation. I advert to the Fisheries Amendment Bill to tax prawn fishing. The backwater areas of the State are the worst hit part of this State. Families by thousands are ruined and the rest are struggling hard to find their

LIBRARY ARCHIVES Kerala Legislative Assembly

level and when in this agony they are to be crushed down by this additional taxation that is the last of them. I appeal to the Government that this is not the time even to think about a fresh taxation in these areas and knowing as I do the very sad plight of these people I beseech the Government that they should not any further be a party to get the Fisheries Amendment Bill being passed into law.

Sir, now I will advert to a slight change that is necessary in our Educational policy. It should not be a policy of giving everything to him that has and nothing to him that has not. A more sympathetic attitude in the matter of opening schools should be resorted to in areas which are backward in point of education. One such place which should attract at present the attention of the Government is the Vellarapilly villages in the matter of High School Education. Vellarapilly is surrounded on all sides by Travancore territories and the population of this place is wellnigh 20,000 people. The nearest Cochin High Schools from this place are Chalakkudy and Ernakulam, distant 18 miles each. It was the Travancore High Schools of Alwaye and Perumbavoor that were catering to the requirements of Cochin students requiring higher studies. But now there are difficulties in the matter of admission and the inauguration of the Travancore University is also another obstacle. The people of this locality are poor and backward in education. The Kanjur Church has provided the locality with a lower secondary school. For starting the High School classes it is impossible for any institution in the locality and as such Government should come to the help of this people. All that they require are the three forms of the High School. This matter is more vital for these people now than the improvement to the lift irrigation.

The next affair to which I have to advert relates to the serious difficulties that the Christians feel in the matter of their religion in constructing churches for their spiritual needs. It is most lamentable that in this administration when a Godly Highness and a sympathetic Diwan are guiding the destinies of this State, such a hard and painful attitude is taken towards the Christian subjects in the matter of their worship. It is no valid answer to this question that one Diwan has created a half-a-mile radius rule. This half-a-mile radius rule is a most vicious circle and so long as this administration is going to cling to it tenaciously as it does now, it lays the axe at the very root of the Christians to have their right of worship. You may draw circles after circles all over the State and sure

LIBRARY ARCHIVES Kerala Legislative Assembly

enough you will find a temple, if not a good one at least a dilapidated one, and sure enough a church will not be granted there though the Christian population in the locality may be 1000. This is really deplorable. In the towns and its suburbs where the population is clustered, the effective application of this rule is causing heart-rending results. The natural increase in the population of the Christians require a corresponding increase in the Churches. The tenets of their religion make it imperative on them to frequent their places of worship. Especially the women folk cannot think of life without church. When facts are such if the faithful women and others are asked to go three or four miles through paddy fields in monsoon time it is really pitiable. Sir, the strength and loyalty of every nation rest upon the religious life of its people. It is inconceivable to me, Sir, that when a Highness who is the essence of faith and religion is on the throne the Christian section of His Highness' subjects suffer thus.

Sir, the prime need of rural Cochin is irrigation facilities. Whether it be areas of cocoanut gardens or paddy field, water is essential for the improvement of the land and its produce. This aspect of the question does not get at the hands of the Government the very serious consideration that it requires. A planned irrigation programme is absolutely necessary to make the village side happy. The two main items of irrigation that were budgetted for from capital expenditure last year were the Irinjalakuda Canal and the Appangat Canal. It is strange that for one reason or other both of them were not carried through. When land acquisition and stupendous constructions are progressing at Trichur and Ernakulam with lightning speed and when we find the Head of the Administration running here and there and personally directing these works we all feel very glad but we are only sorry that the same assiduity is not observed regarding works in the rural areas. This, to speak the least about it, is a step-motherly attitude. We hope that at least in the ensuing year there will be some personal direction of the Head of the Administration regarding outstanding-works in the villages. Regarding the question of rural irrigation the Government have a definite plan. It will be advisable if the Government would immediately start an irrigation board on the lines of the Road Board and get the valuable suggestions of that board.

Sir, when we say all these we are not forgetful or thankless to the Government for the numerous steps taken to improve the conditions of the people. The Land Mortgage Bank, the Debt

LIBRARY ARCHIVES Kerala Legislative Assembly

Conciliation Board and the attitude of the Civil Courts are really helping the poor lot of the agriculturists. The Staff Selection Board is meting out impartial justice between communities and communities. We can proudly say today that the constitution of the Land Mortgage Bank and the Staff Selection Board are perhaps the best of their kind in India.

Sir, the exuberant public in one full acclaim has congratulated you on your extended period. Your two years of administration fully deserves this. We congratulate His Highness for thus making your valuable service available for the State for three years more. Confident in the full and genuine support of the people it is now your duty, Sir, to exert to your utmost and raise the prosperity of this beloved land.

മിസ്റ്റർ ആർ. വിശ്വനാഥൻ ചെട്ടിയാർ *(Nemmara)*.— സർ, ഫ്ലഡ്-ലെ ബഡ്ജറ്റ് പ്രകാരം ഗവർമ്മെണ്ടിലേയ്ക്കുണ്ടാകുമെന്നു പ്രതീക്ഷിച്ചിരുന്ന മിച്ചം, ഉണ്ടായില്ലെന്നുമാത്രമല്ലാ, $3\frac{3}{4}$ ലക്ഷം ഉറുപ്പിക കമ്മിയായി തീർന്നതുപോലെയുള്ള ദുഷ്പ്രാഗം ഫ്ലഡ്-ലെ ബഡ്ജറിനും വന്നുചേരാതിരിക്കുവാനുള്ള പ്രാർത്ഥനയോടുകൂടി ചിറ്റൂർ താലൂക്കിൽപ്പെട്ട നെന്മാറ നിയോജകമണ്ഡലത്തിലെ പൊതുജനങ്ങളുടെ പ്രധാനമായ ചില ആവശ്യങ്ങളെ ഞാൻ ഗവർമ്മെണ്ടിന്റെ മുമ്പാകെ സമർപ്പിച്ചുകൊള്ളുന്നു.

നാടു വാണരുളുന്ന പ്രജാവത്സലനായ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടു നെന്മാറയ്ക്കു എഴുന്നള്ളിയ അവസരത്തിൽ നെന്മാറയിലെ നിവാസികൾ ഒരൊറ്റ സ്വരത്തിൽ മാത്രമേ ബോധിപ്പിച്ചിട്ടുള്ളൂ. അതായതു നെന്മാറ ഫക്കാവിൽ പ്രധാനമായ തൊഴിൽ കൃഷിയും തോട്ടവുമാണെന്നും അതിലേയ്ക്കു ത്വരിതാവശ്യമായ ഇറിഗേഷൻ സ്കീം നടപ്പാക്കി തരണമെന്നുമായിരുന്നു. ഇതിനെ തുടർന്നു അടുത്ത അവസരത്തിൽ ബഹുമാനപ്പെട്ട നമ്മുടെ ദിവാൻജി അവർകൾ നെന്മാറയ്ക്കു വരികയും ഇറിഗേഷനാവേണ്ടതായ Reservoir ഏർപ്പെടുത്തുന്നതിനു, ഒരു ബണ്ടു കെട്ടുവാനുള്ള സ്ഥലം നോക്കുകയും, ടി കാര്യത്തിൽ ദിവാൻജി അവർകളുടെ കല്പനപ്രകാരം ചിറ്റൂർ ഇറിഗേഷൻ ഇഞ്ചീനിയർ അവർകൾ സ്ഥലം പരിശോധിച്ചു In my opinion the proposed Scheme is worth detailed investigation എന്നു ർ - ൻ - ഫ്ലഡ് report ചെയ്തിനു ഇതുവരെ യാതൊരു നടപടിയും നടത്താതിരിക്കുന്നതു വളരെ കഷ്ടമായ ഒരു സംഗതിയാണെന്നു ഗവർമ്മെണ്ടിനോടു അപേക്ഷിച്ചുകൊള്ളുന്നു.

ഇക്കൊല്ലത്തിൽ മിഥുനമാസം ഉദ്ദേശം- വരെ ചിറ്റൂർ താലൂക്കിൽ ശരിയായ മഴയില്ലാത്തതിനാൽ തോട്ടങ്ങളുടെ രക്ഷയ്ക്കായി പുഴയിൽ ബണ്ടുകൾ കെട്ടി വെള്ളം നിറുത്തിയിരുന്നതെല്ലാം വറ്റിവരണ്ടു പോവു

LIBRARY ARCHIVES Kerala Legislative Assembly

കയാൽ വളരെ തോട്ടങ്ങൾക്ക നഷ്ടംവന്നിട്ടുണ്ട്. Agriculture department-ൽ- നിന്ന Demonstration സുമാർ ½ ഏക്കർ സ്ഥലത്തിൽ കരിമ്പുകൃഷി ചെയ്തിരുന്നതു നനയ്ക്കുവാൻക്രൂടി പുഴയിൽ വെള്ളമില്ലാതിരുന്ന സംഗതി Agriculture Director അവർകൾക്ക അനുഭവപ്പെട്ട ഒരു സംഗതി ആണ്.

ഇതിനുംപുറമെ ജലവിതരണമുള്ള നെന്മാറ, അയിലൂർ എന്നീ രണ്ടു വില്ലേജുകളും ബാക്കി ഭാഗങ്ങളിലെല്ലാം കിണറുകൾ വറ്റി പോയതിനാൽ വെള്ളം കിട്ടാതെ ജനങ്ങൾ വളരെ കഷ്ടപ്പെടേണ്ടിവന്നിട്ടുണ്ട്. ഇറിഗേഷൻ Scheme നടപ്പിൽ വരുത്തിയാൽ അതിലേയ്ക്കായി ഏർപ്പെടുത്തിയ റിസർവോയറിൽ നിന്ന കവിഞ്ഞൊഴുകുന്ന വെള്ളം മകരമാസംവരെ കൃഷിക്ക ഉപയോഗപ്പെടുത്താവുന്നതും കൃഷിയുടെ ആവശ്യം കഴിഞ്ഞു ബാക്കി വെള്ളം മകളിൽ കെട്ടി നിറുത്തിയാൽ പുഴയിൽ എല്ലായ്പോഴും ഉറവുണ്ടായിരിക്കുന്നതും തന്നിമിത്തം ബണ്ടുകളിൽ വെള്ളം ഉണ്ടാകുന്നതും തോട്ടക്കാർക്ക ഉപയോഗിക്കാവുന്നതുമാകുന്ന. എന്നുമാത്രമല്ലാ പൈപ്പില്ലാത്ത സ്ഥലങ്ങളിലെ കിണറുകൾ വറ്റിപോകാനിടയില്ലാത്തതും, ഒരുപൂവൽ സ്ഥലങ്ങളിലും കഴിയുന്നിടത്തോളം പുഞ്ചയിടാവുന്ന പറമ്പുകളിലും ഇരുപ്പുവിൽ കൃഷി ചെയ്യാവുന്നതും ഗവമ്മെൻറിലേയ്ക്ക നികുതി കൂടുതൽ കിട്ടാവുന്നതുമാകുന്ന. നെന്മാറ ഫക്കായിലെ ഭൂമി, പരുത്തി, കരിമ്പു മുതലായവ കൃഷി ചെയ്യാൻ പറ്റിയതായതുകൊണ്ടു വെള്ളം കിട്ടുന്നതായാൽ മേപ്പടി കൃഷികൾ ചെയ്യാനും തൊഴിലില്ലായ്മക്ക ഒരു പരിഹാരവും ആയിതീരുമെന്ന നിസ്സംശയം പറയാം.

എന്റെ നിയോജക മണ്ഡലത്തിൽപെട്ട പട്ടഞ്ചേരിയിലെ നിവാസികൾക്ക ഒരു ആസ്പത്രി സ്ഥാപിച്ചു കിട്ടണമെന്നും കളിക്കുന്നതിനു ഒരു രണ്ടു കളങ്ങൾ കഴിച്ചുകിട്ടേണമെന്നും വളരെ കാലമായി ഗവമ്മേൻറിനോട്ട അവരും അവരുടെ പ്രതിനിധിയെന്ന നിലയിൽ ഞാനും അപേക്ഷിച്ചതിനു ബഹുമാനപ്പെട്ട ഗവമ്മേൻറു "It will be considered" എന്ന മറുപടി പറഞ്ഞുതുടങ്ങി രണ്ടു കൊല്ലമായിട്ടും ഇതേവരെ യാതൊന്നും ചെയ്തതന്നിട്ടില്ല. ഇനിയെങ്കിലും ഗവമ്മേൻറു ദയവായി ആലോചിച്ചു ടി ആവലാതികളെ തീർത്തുകൊടുപ്പാനപേക്ഷിക്കുന്ന.

നെന്മാറ ആസ്പത്രിയിൽ സ്ഥലസൌകര്യം കുറവാകയാൽ ജനങ്ങൾ ടി കാര്യത്തിൽ ആവലാധി ബോധിപ്പിക്കുകയും, കഴിഞ്ഞ കൊല്ലത്തിൽ ദിവാൻജി അവർകളും Advisory Committee-ലെ അംഗങ്ങളും ആസ്പത്രിയെ സന്ദർശിച്ചപ്പോൾ Inpatient's ward, out patient's ward, nurses quarters മുതലായവ സൌകര്യം പോരെന്നഭിപ്രായപ്പെടുകയുണ്ടായി., എന്നാൽ അതുപ്രകാരം ഇതേവരെ യാതൊന്നും ചെയ്യുകാണുന്നില്ല. കൊല്ലന്തോറും ആസ്പത്രിയിൽ രോഗികൾ വർദ്ധിച്ചുവരുന്നതിനാൽ അതാതു മാസത്തേയ്ക്കുവദിച്ചിട്ടുള്ള മരുന്നുകൾ മാസാവസാനത്തിനു മുമ്പായി തീർന്നുപോകുന്ന. പിന്നീട ആ മാസത്തിൽ വരു

LIBRARY ARCHIVES Kerala Legislative Assembly

ന്ന ദീനക്കാക്ക് Doctorമാർ Prescription എഴുതികൊടുത്തു അതുപ്രകാരം മരുന്നു മേടിച്ചു സേവിക്കാൻ ഉപദേശിച്ചയയ്ക്കും. മരുന്നു വിലക്കുമേടിക്കാൻ സാധിക്കാത്ത ചില സാധുക്കൾ Doctor മാരോടു ആവലാതി പറഞ്ഞാൽ അവർക്ക് എന്തെങ്കിലും Coloured water കൊടുത്തയയ്ക്കുകയാണു പതിവു. അതുകൊണ്ടു രോഗികൾക്കു വേണ്ടത്തക്ക മരുന്നുകൾ അയപ്പിച്ചു കൊടുക്കാൻ ഗവർമ്മെൻറിനോടു അറിയിച്ചുകൊള്ളുന്നു.

നെന്മാറ ഫർക്കായിലെ കൃഷിയെപ്പറ്റി അല്പം പറയാതെ കഴികയില്ല. ഈ കൊല്ലത്തിൽ അസാധാരണമായ മഴകൊണ്ടു ഓരൊ കണ്ടങ്ങളിൽ രണ്ടു മൂന്നു പ്രാവശ്യം വിത്തു വിതയ്ക്കേണ്ടിവരികയും കൃഷിക്കു വെള്ളം ക്രമേണ്ടതായ സമയത്തു മഴയില്ലാതെ കൃഷികൾ പിളർത്തും കതിരുകൾ വളരെ ആക്കം ചുരുങ്ങിപോകയും ചെയ്തിരിക്കുന്നു. ഈ കഴിഞ്ഞ കുംഭമാസം മുതൽക്കു ഒന്നമായ മഴ തുടങ്ങിയതിനാൽ മഴയടികൊണ്ടു കതിരുകൾ മുഴുവനായി പോവുകയും ചെയ്യുന്നു. പലവിധത്തിലും നെന്മാറയിലെ കൃഷിക്കാർക്കു വളരെ നഷ്ടകഷ്ടങ്ങൾ സംഭവിച്ചിട്ടുള്ള സംഗതി നെന്മാറയ്ക്കു സർക്കീട്ടു വന്നിട്ടുള്ള മാ. രാ. രാ. ദിവാൻപേഷ്കാർ മുതലായ സകല ഉദ്യോഗസ്ഥന്മാർക്കും അറിയാവുന്ന ഒരു സംഗതി ആണു്.

എന്റെ ഈ അപേക്ഷ ശരിയൊ അല്ലയൊ എന്നു ഗവർമ്മെൻറിൽ നിന്നു ശരിയായ ഒരാളെക്കൊണ്ടു അന്വേഷണം നടത്തി ശരിയാണെന്നതോന്നുന്നപക്ഷം നൂറിനു 25 % നികുതിയിൽ കുറവുചെയ്തു തരുവാൻ നെന്മാറ ഫർക്കായിലെ കൃഷിക്കാരുടെ പ്രതിനിധിയുടെ നിലയിൽ ഞാൻ വളരെ വളരെ അപേക്ഷിച്ചുകൊള്ളുന്നു.

ഇനി ഒരു വാക്കുകൂടി എനിക്കു പറയുവാനുള്ളതു നെന്മാറ Constituency യെ പറ്റി ആണു്. നെന്മാറ Constituency-ൽ അടുത്ത election നു് Voters എണ്ണം അധികമാക്കുവാൻ ഇടയുള്ളതുകൊണ്ടു ടി Constituency ൽ നിന്നു ഏറെ നാഴിക അകലെയുള്ള പട്ടഞ്ചേരി മുതലായ സ്ഥലങ്ങളെ കൂട്ടിചേർത്തിരിക്കുന്നതു M. L. C. election നു് നില്ക്കുന്ന മെമ്പറന്മാർക്കു votes canvass ചെയ്യാൻ വളരെ കഷ്ടവും നഷ്ടവും നേരിടുന്നതിനാൽ ടി പട്ടഞ്ചേരി മുതലായ സ്ഥലങ്ങളെ നെന്മാറ Constituency ൽ നിന്നു ഒഴിവാക്കിതരണമെന്നു നെന്മാറ ഫർക്കായിലെ ജനങ്ങളുടെ അഭിപ്രായത്തെ ബഹുമാനപ്പെട്ട ഗവർമ്മെൻറിനെ അറിവിക്കണമെന്നു എന്നെ ഏല്പിച്ചതനുസരിച്ചാണു് ഞാൻ ഈ സംഗതി അറിയിച്ചതു്. മേലെഴുതിയ സംഗതികൾക്കു ദൃഷ്ടാന്തമായി നെന്മാറ ഫർക്കായിലെ ജനങ്ങൾ Franchise Committee പ്രസിഡൻറവർകൾക്കു ഹരജി ബോധിപ്പിച്ചിട്ടുമുണ്ടു്.

ADJOURNMENT MOTION

re. the Fire Accident in Ernakulam.

Mr. A. V. Moothedan (*Chalakkudi*).—Sir, the object of the motion is to request the Government to make an immediate

LIBRARY ARCHIVES Kerala Legislative Assembly